# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

**ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

**പാലക്കാട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**



**അർത്ഥനാധികാരി**
**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,**
ദക്ഷിണ റെയിൽവേ, കൺസ്ട്രക്ഷൻസ്-2,
എറണാകുളം/പാലക്കാട്

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**
**സ്പെഷ്യൽ തഹസിൽദാർ**
(എൽ.എ), കിഫ്ബി,
പാലക്കാട്


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**
**രാജഗിരി ഔട്ട്റീച്ച്**
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
കളമശേരി, രാജഗിരി.പി.ഒ, പിൻ: 683 104
എറണാകുളം ജില്ല
ഫോൺ: 0484 2911332/2550785, outreach@rajagiri.edu
www.rajagirioutreach.in


മാർച്ച് 9, 2026

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

## അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

## അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

4.8.1 പദ്ധതിബാധിതമാകാൻ സാധ്യതയുള്ള വീടുകൾ

5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിച്ചുവരുന്ന, ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2002 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്യുന്നുണ്ട്. RFCTLARR-2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2026 ജനുവരി 09–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലാ കളക്ടറുടെ 2026 ജനുവരി 08–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/6905/2024-C3 പ്രകാരം ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങ് പദ്ധതിക്കു വേണ്ടി പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7)** ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

മീന കുരുവിള
പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ

# അദ്ധ്യായം 1
# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ റോഡുകൾ, റെയിലുകൾ എന്നിവ ഉൾപ്പടെയുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം രാജ്യത്തിന്റെ പുരോഗതിക്ക് വളരെ പ്രധാനപ്പെട്ടതാണ്. രാജ്യത്ത് റെയിൽവേ വികസനത്തിന്റെ ഭാഗമായി അതിന്റെ ട്രാക്കുകളുടെ ഇരട്ടിപ്പിക്കൽ പ്രവർത്തികൾ നടന്ന് കൊണ്ടിരിക്കുകയാണ്. പാസഞ്ചർ, ചരക്ക് ട്രെയിനുകളുടെ കാര്യക്ഷമതയും സുഗമമായ പ്രവർത്തനവും വർദ്ധിപ്പിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്.

കേരളത്തിൽ, കോട്ടയം വഴിയുള്ള തിരുവനന്തപുരം-മാംഗ്ലൂരു റെയിൽ പാതയുടേയും, പാലക്കാട്-മാംഗ്ലൂരു റെയിൽ പാതയുടേയും, ഡബ്ലിങ്ങ് വർക്ക് ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെയുള്ള 5 കിലോമീറ്റർ ഒഴികെ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ, ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ ബി കാബിന് സമീപം പോയിന്റ് നമ്പർ 7 വരെയും (തൃശ്ശൂരിൽ നിന്ന് ഷൊർണ്ണൂരിലേക്ക് പോകുന്ന ഭാഗം), ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ എ കാബിൻ വരെയും (ഷൊർണ്ണൂരിൽ നിന്ന് പാലക്കാട്ടേക്ക് പോകുന്ന ഭാഗം) ഏകദേശം ഒരു കിലോമീറ്ററോളം വീതം ദൂരത്തിൽ ഒറ്റ പാതയാണ്. ഈ പാതയിലൂടെ ട്രെയിനുകൾ കടത്തി വിടുമ്പോൾ ഷൊർണ്ണൂരിലും വള്ളത്തോൾ നഗറിലുമെല്ലാം ട്രെയിൻ മണിക്കൂറുകളോളം പിടിച്ചിടേണ്ടി വരാറുണ്ട്. ദിവസവും ഏകദേശം നൂറിൽപരം പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകൾ സഞ്ചരിക്കുന്നതോടൊപ്പം, ഷൊർണ്ണൂർ ജംഗ്ഷനിൽ ശരാശരി 30 ഓളം ട്രെയിനുകൾ എഞ്ചിനുകളുടെ ദിശ മാറ്റുകയൊ, ട്രാക്ഷൻ ചെയ്ഞ്ച് ചെയ്യുകയൊ ചെയ്യുന്നു. ട്രാക്ഷൻ ചെയ്ഞ്ച് ചെയ്യുന്നതിന് ഏകദേശം 15 മുതൽ 20 മിനിറ്റ് വരെയും, ദിശ മാറുന്നതിന് ഏകദേശം 20 മുതൽ 25 മിനിറ്റ് വരെയും പ്ലാറ്റ്ഫോം ലൈനുകൾ ഉപയോഗിക്കുന്നു. ഈ കാരണങ്ങൾ കൊണ്ട് തന്നെ ഷൊർണ്ണൂർ ജംഗ്ഷനിൽ ട്രെയിനുകൾ കൂടുതൽ നേരം

പിടിച്ചിടുന്നതിനും ട്രെയിനുകൾ വൈകി ഓടുന്നതിനും കാരണമാകുന്നു. ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെ പാതയുടെ ലൈൻ കപ്പാസിറ്റി യൂട്ടിലിറ്റി പരമാവധിയിൽ അധികമാണ്. ആയതിനാൽ റെയിൽവേ പാച്ച് ഡബ്ലിങ്ങ് ഇവിടെ അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ, എറണാകുളം – മാംഗ്ലൂരു, പാലക്കാട്-മാംഗ്ലൂരു റൂട്ടുകളിൽ സഞ്ചരിക്കുന്ന ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കുന്നതോടൊപ്പം യാത്രക്കാരുടെ നിലവിലെ യാത്രാക്ലേശം ലഘൂകരിച്ച് യാത്രാ സമയം ലാഭിക്കുന്നതിനും, റെയിൽവെ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ റെയിൽവേ പാച്ച് ഡബ്ലിങ്ങ് നടത്തുക എന്നതാണ് നിലവിലെ പദ്ധതി.

ഷൊർണ്ണൂർ – വള്ളത്തോൾ നഗർ റെയിൽ പാത ഇരട്ടിപ്പിക്കുന്നതിലൂടെ ഷൊർണ്ണൂർ ജംഗ്ഷനിലൂടെ സഞ്ചരിക്കുന്ന ട്രെയിൻ യാത്രികരുടെ നിലവിലെ യാത്രാക്ലേശം ലഘൂകരിക്കപ്പെടുകയും, രാജ്യത്ത് പ്രത്യേകിച്ച് ദക്ഷിണറെയിൽവേയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട റെയിൽവേ ശൃംഖല സ്ഥാപിക്കപ്പെടുകയും ചെയ്യുമെന്ന് പ്രതിക്ഷിക്കുന്നു.

നിർദ്ദിഷ്ട പദ്ധതി ഭൂമി ഏറ്റെടുക്കുന്നതിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1) b(i) നിർവ്വചിച്ചിരിക്കുന്ന പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ഉൾപ്പെടുന്ന ഈ പ്രദേശങ്ങൾ പ്രധാനമായും ഭൂവുടമകൾ നെൽകൃഷിക്കും, താമസത്തിനും, ഉപയോഗിക്കുന്നു. തരിശായി കിടക്കുന്ന ഭൂമിയും, മുനിസിപ്പാലിറ്റി വഴിക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമിയും, റെയിൽവെയുടെ ഭൂമിയും, ഒരു തോടും കുളവും പദ്ധതി ബാധിത സ്ഥലങ്ങളിൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2026 ജനുവരി 09–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാ കളക്ടറുടെ 2026 ജനുവരി 08–ാം തീയതിയിലെ

വിജ്ഞാപനം നമ്പർ DCPKD/6905/2024-C3 പ്രകാരം ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനായി ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് 1.3762 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല : പാലക്കാട്     താലൂക്ക് : ഒറ്റപ്പാലം     വില്ലേജ് : ഷൊർണ്ണൂർ-1

| ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| കാരക്കാട് | 92/4, 92/5A ,92/5B, 92/5C, 92/5D, 92/5E, 93/4, 93/7, 94A/7, 94A/8, 94A/9, 94B/1 ,94B/2, 96A/3B, 96A/4, 96A/5, 96A/6, 96B/1, 96B/2, 96B/3, 97A/4, 97A/8 , 97A/9, 97A/10, 97A/11, 97B/1 , 97B/2 , 97B/3, 110/1, 110/2, 111A/3, 111A/4, 111A/5, 111A/7, 111A/9, 111B/1, 114/1, 114/2A, 114/3A, 114/3B, 128/3, 128/5B, 89/part, 90/part, 91/part 95/part , 109/part, 107/part, 112/part, 113/part, 123/part, 125/part, 127/part, 121/part<br><br>**പുറമ്പോക്ക്:** 111A/11, 111A/12, 111A/13, 111B/2, 111B/3,114/4,114/5,114/7B,114/12, 114/13, 114/14 , 114/15, 114/16, 114/17, 128/8 | |
| ചുടുവാലത്തൂർ | 34A/1, 34A/2D, 34A/4C, 34A/9B, 35/3A3, 35/3B3, 35/4A2, 35/5, 35/6B 1B, 35/6B2, 35/6C2, 35/6D2, 35/6E, 35/7C, 35/10, 36/1C1, 36/6, 36/7, 37/1A1, 37/1A2, 37/1B, 37/2B2 , 37/3B2 , 37/10B2 , 37/11A 37/11 B, 37/12B4, 37/12D, 37/12A2B, 50A/1, 51A/1, 51A/2, 51A/3A , 51A/3B , 51A/3C , 51A/4 , 51B/1 , 21/part, 22/part, 23/part, 24/part, 25/part, 26/part, 27/part, 28/part, 29/part, 30/part, 31/part, 32/part, 33/part, 38/part., 39/part, 40/part, 41/part, 42/part, 43/part, 44/part, 45/part, 46/part, 52/part, 53/part, 54/part, 55/part, 68/part, 69/part,<br><br>**പുറമ്പോക്ക്:** 34A/2B, 34A/2C, 34A/3, 34A/4A, 34A/4B, 34A/5B, 34A/9A, , 35/1A , 35/1B , 35/2A1 , 35/2A2 , 35/2A3 , 35/2B1 , 35/2B2 , 35/3A1 , 35/3A2, 35/3A4 , 35/3B1, 35/3B2 , 35/3B4 , 35/4A1, 35/4B, 35/6A , 35/6B 1A, 35/6C1, 35/6D1, 36/1C2, 50A/2 , 50A/3 , 50B/1 , 50B/2 , 50B/3, 51B/2 | |
| ചിറമണ്ണൂർ | 30B/1A, 30B/1B, 30B/1C, 30B/1D, 30B/4A, 30B/4B, 30B/4C, 30B/4D, 32B/10A, 32B/10B, 32B/10C, | |

| | | |
|---|---|---|
| | 32B/10D, 21/part, 22/part, 23/part, 36/part, 37/part/ 38/part, 39/part, 40/part, 41/part, 42/part<br>**പുറമ്പോക്ക്:** 24/1A 2A, 24/1A2B, 24/2, 24/3, 24/4, 24/7, 24/8, 26, 30B/3 | |
| | ആകെ | 1.3762 |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങാണ് നിർദ്ദിഷ്ട പദ്ധതി എന്നതിനാൽ ഇതര മാർഗങ്ങൾ / അലൈൻമെൻറ് പരിശോധിക്കുന്നത് ബാധകമല്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഷൊർണ്ണൂർ-1 വില്ലേജിൽ നിന്നും 1.3762 ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ***

| ***ക്രമ നമ്പർ*** | ***പ്രത്യാഘാതങ്ങൾ*** | **ആഘാത ബാധിതമാകുന്ന *ഭൂവുടമകളുടെ എണ്ണം*** | ***വിശദീകരണം*** |
|---|---|---|---|
| **ഭൂമി പദ്ധതി ബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ്കുറയൽ | 33 | • 33 സ്വകാര്യ ഭൂവുടമകൾക്ക് കൈവശ ഭൂമിയുടെ അളവ് കുറയുകയൊ പൂർണ്ണമായി നഷ്ടപ്പെടുകയൊ ചെയ്യും.<br>• 2 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടും<br>• ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള പൊതുവഴി,പാർക്കിങ്ങ് സ്ഥലം എന്നിവ ബാധിക്കപ്പെടും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 5 | ▪ 5 ഭൂവുടമകൾക്ക് വീട് പൂർണ്ണമായും നഷ്ടപ്പെടുന്നു. (2 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നു.)<br>▪ ഇതിൽ 2 ഉടമകൾ വീട് വാടകക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിരിക്കുന്നതും, മറ്റ് രണ്ട് വീടുകൾ ഉടമയുടെ കുടുംബം താമസിക്കുന്നതുമാണ്. ഒരു വീട് ഉപയോഗ ശൂന്യമാണ്. |
| | | 1 | ▪ റയിൽവേ പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിച്ച് വരുന്ന ഒരു കുടുംബം കുടിയൊഴിപ്പിക്കപ്പെടുന്നു. |
| 3 | അവശ്യ സൗകര്യ ങ്ങൾ | 4 | കിണർ (3), സെപ്റ്റിക് ടാങ്ക് (2), ശൗചാലയം (2), കുളം ചെറിയ തോതിൽ (1) |
| 4 | മറ്റ് നിർമ്മിതികൾ | 6 | ചുറ്റുമതിൽ (5), ഗേറ്റ് (3), മതിൽ ഫൗണ്ടേഷൻ (1) |
| | | | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ഒരു കുടുംബത്തിന്റെ ഒരു ഷെഡ് ബാധിക്കുന്നുണ്ട്. |
| **വ്യാപാര സ്ഥാപനങ്ങൾ † അനുബന്ധ സൗകര്യങ്ങൾ** | | | |
| 5 | സ്ഥാപനം | 1 | ഫർണ്ണീച്ചർ വർക്സ് ഗോഡൗൺ പൂർണ്ണം (നിലവിൽ അടച്ചിട്ടിരിക്കുന്നു) |
| 6 | അനുബന്ധ സൗകര്യങ്ങൾ | 1 | കമ്പി വേലി |
| **കൃഷി/മരങ്ങൾ പദ്ധതി ബാധിതമാകൽ** | | | |
| 5 | കൃഷി/ മരങ്ങൾ നഷ്ടമാകൽ | 26 ഭൂവുടമകൾ | നെൽ കൃഷി (15), പയർ വർഗ്ഗങ്ങൾ (1), കിഴങ്ങ് വർഗ്ഗങ്ങൾ (1), വാഴ (3) തെങ്ങ് (4), മാവ് (3), മുരിങ്ങ, കറിവേപ്പ്, ഇരുമ്പംപുളി, മൾബറി, ഞാവൽ, പ്ലാവ് തേക്ക്, കവുങ്ങ് |
| | | | നീരൊഴുക്ക്, കനാൽ ജലത്തിന്റെ ഒഴുക്ക്, കൃഷിയിടങ്ങളിലേക്കുള്ള പ്രവേശനം എന്നിവ തടസ്സപ്പെടുമെന്നും അത് മൂലം പ്രദേശത്തെ കൃഷി ബാധിക്കപ്പെടുമെന്നും കർഷകർ ആശങ്കപ്പെടുന്നു. |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 6 | ഉപജീവനമാർഗം നഷ്ടമാകൽ | | • നെൽകൃഷി ബാധിക്കുന്നത് മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നതായി ഭൂവുടമകൾ അറിയിച്ചു. |
| 7 | വരുമാനം നഷ്ടമാകൽ | | • നെൽകൃഷി, തെങ്ങ്, കവുങ്ങ് തുടങ്ങിയവ ബാധിക്കുന്നത് മൂലം വരുമാനം നഷ്ടപ്പെടുന്നതായി ഭൂവുടമകൾ അറിയിച്ചു. |

| | | | |
|---|---|---|---|
| **അവശേഷിക്കുന്നസ്ഥലത്തിൻെറ ഉപയുക്തത** | | | |
| 8 | ഉപയോഗ യോഗ്യ മല്ലാത്ത അവശേഷി ക്കുന്ന സ്ഥലം | 1 ഭൂവുടമ | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് മതിയാകില്ല എന്ന് 1 ഭൂവുടമ അറിയിച്ചു. |
| **പ്രവേശനമാർഗംതടസ്സപ്പെടൽ** | | | |
| 9 | റോഡ് / വഴി തടസ്സപ്പെടൽ | | നിർമ്മാണ ഘട്ടത്തിലും അതിന് ശേഷവും വാർഡ് 13 ൽ നമ്പ്രം പ്രദേശാത്ത് നിലവിലുള്ള റോഡ് / വഴി തടസ്സപ്പെടുമൊ എന്ന ആശങ്ക പദ്ധതി ബാധിതരും വാർഡ് മെമ്പറും പങ്കു വച്ചു. |
| 10 | കൃഷി സ്ഥലത്തേ ക്കുള്ള ട്രാക്ടറിൻെറ പ്രവേശന മാർഗ്ഗം തടസ്സപ്പെടൽ | | പദ്ധതി നിലവിൽ വരുമ്പോൾ പ്രദേശത്തെ കൃഷി സ്ഥലങ്ങളിലേക്ക് ട്രാക്ടറിൻെറ പ്രവേശന മാർഗ്ഗം നഷ്ടപ്പെടുമൊ എന്ന് ആശങ്കപ്പെടുന്നു. |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 11 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 12 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 6 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 7 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 9 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| 10 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| 11 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ട ത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളി കളുടെയും പ്രദേശ വാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തു ന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരി ക്കണം |
| 12 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം |

| | | |
|---|---|---|
| | ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 13 | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനു വേണ്ടിയാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപ്പിലാക്കുന്നത്. നിർമ്മാണ നിർവ്വഹണം, അറ്റകുറ്റ പണികൾ നടത്തൽ, എന്നിവയുടെ മേൽനോട്ടം, ദക്ഷിണ റെയിൽവേയുടെ കൺസ്ട്രക്ഷൻ-2 ബ്രാഞ്ചിനാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ, കിഫ്ബി, പാലക്കാട് ആയിരിക്കും.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ റെയിൽവേ പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ട്രെയിൻ ഗതാഗതം സുഗമമാവുകയും യാത്രികരുടെ യാത്രാസമയം കുറയുകയും ചെയ്യും. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് കാരക്കാട്, ചുടുവാലത്തൂർ, ചിറമണ്ണൂർ എന്നീ ബ്ലോക്കുകളിൽ ഉൾപ്പെട്ട 1.3762 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഈ പദ്ധതി

നടപ്പിലാക്കുന്നതോടെ ഷൊർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനിൽ സിഗ്നലിലും മറ്റും വളരെയധികം സമയം ട്രെയിനുകൾ പിടിച്ചിടുന്നത് ഒഴിവാകുന്നതോടൊപ്പം, ഈ റൂട്ടിൽ ട്രെയിനുകൾ വേഗത്തിൽ സഞ്ചരിക്കുന്നതിനും സാധ്യമാകും. കൂടാതെ, ദക്ഷിണ റെയിൽവേയുടെ ഗതാഗത സംവിധാനങ്ങളുടെ പ്രവർത്തന ക്ഷമത വലിയ തോതിൽ മെച്ചപ്പെടുകയും ചെയ്യും. പദ്ധതിക്ക് വേണ്ടി 367.39 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി 3 വർഷത്തിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അഞ്ച് ശതമാനം വാർഷിക ചെലവ് വർദ്ധനവ് കണക്കാക്കി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണ ചിലവായി കണക്കാക്കിയിരിക്കുന്നത് 393.56 കോടി രൂപയാണ്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെ പാച്ച് ഡബ്ലിങ്ങാണ് നിലവിലെ പദ്ധതി എന്നതിനാൽ ഇതര മാർഗങ്ങൾ / അലൈൻമെൻറ് പരിശോധിക്കുന്നത് ബാധകമല്ല. നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാലും, കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുക എന്നതിനാലും, പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പഠന സംഘം വിലയിരുത്തുന്നു.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ, വള്ളത്തോൾ നഗർ – ഷൊർണ്ണൂർ എ കാബിൻ, ഷൊർണ്ണൂർ ജംഗ്ഷൻ – ഷൊർണ്ണൂർ ബി കാബിൻ, വള്ളത്തോൾ നഗർ –ഷൊർണ്ണൂർ ജംഗ്ഷൻ യാർഡ് എന്നീ സെക്ഷനുകളിലെ നിർമ്മാണ പ്രവർത്തികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ, ഡിസൈൻ, ഫോർമേഷൻ, പ്രധാന പാലങ്ങളുടെ നിർമ്മാണം (നമ്പർ 2 † 1 എ), രണ്ട് ട്രാക്കുകൾക്ക് വേണ്ടി റെയിൽ ഓവർ ബ്രിഡ്ജ് 7 നിർമ്മാണം, തുടങ്ങിയവയാണ് ഉൾപ്പെടുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെയുള്ള പാച്ച് ഡബ്ലിങ്ങ്, പാലം, റെയിൽ ഓവർ ബ്രിഡ്ജ്, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉൾപ്പെടുന്നത്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ഷൊർണ്ണൂർ ജംഗ്ഷൻ, വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിൽ റെയിൽവെ പാച്ച് ഡബ്ലിങ്ങും യാർഡ് മോഡിഫിക്കേഷനുമാണ് നിലവിലെ പദ്ധതി. നിർദ്ദിഷ്ട പദ്ധതിയുടെ രൂപരേഖ പ്രകാരം ഷൊർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനിൽ ചെയിനേജ് 0.0 കിലോമീറ്ററും വള്ളത്തോൾനഗർ സ്റ്റേഷനിൽ ചെയിനേജ് 4.110 കിലോമീറ്ററുമാണ്. രണ്ട് പ്രധാന പാലങ്ങളും (ബ്രിഡ്ജ് നമ്പർ 2 † 1എ), ഏകദേശം 27 ഓളം ചെറുപാലങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ രണ്ട് റെയിൽ ഓവർ ബ്രിഡ്ജുകളുടെ പുനർ നിർമ്മാണവും, ഒരു ലെവൽ ക്രോസ്സിങ്ങും ഉൾപ്പെടുന്നു.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിലവിൽ ഭൂമി ഏറ്റെടുക്കൽ മൂലം പദ്ധതി ബാധിതമാകുന്ന വഴി / റോഡ്, തോട് എന്നിവക്ക് ബദൽ നിർമ്മാണം നടത്തേണ്ടതുണ്ട്. പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങൾക്ക് തങ്ങളുടെ വസ്തുവിലേക്കുള്ള പ്രവേശനം തടസ്സപ്പെടാതിരിക്കുന്നതിനുള്ള മുൻ കരുതലുകൾ മുൻ കൂട്ടി ആസൂത്രണം ചെയ്യണം. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പായി ടെലികമ്മ്യൂണിക്കേഷൻസ്, വെള്ളം, വൈദ്യുതി, എന്നിവ ഉൾപ്പടെയുള്ള യൂട്ടിലിറ്റീസിൻെറ ഷിഫ്റ്റിങ്ങ് നടത്തേണ്ടതുണ്ട്.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

ടെൻഡർ അടിസ്ഥാനത്തിൽ കരാറുകാരെ നിയമിച്ച് റെയിൽവേ തന്നെ നേരിട്ടാണ് എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നത്. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ലൊക്കേഷൻ സർവ്വെ, ട്രാഫിക് സർവ്വെ, സോയിൽ ഇൻവെസ്റ്റിഗേഷൻ, ട്രോപ്പൊഗ്രാഫിക്കൽ സർവ്വെ, ഡി.ജി.പി.എസ് † ടൊട്ടൽ സ്റ്റേഷൻ സർവ്വെ, എന്നിവ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ, പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

(ഓട്ടോണമസ്), കളമശ്ശേരി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണിത്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനു വേണ്ടി ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും 1.3762 ഹെക്ടർ സ്ഥലം, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലാ കളക്ടർ 2026 ജനുവരി 8, തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ DCPKD/6905/2024-C3 പ്രകാരം, 2026 ജനുവരി 9 തീയതിയിൽ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 10 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടന്റ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടന്റ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിന്റോ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടന്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യു, ചെയർപേഴ്സൺ | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെന്റ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | വർഗ്ഗീസ് കെ.ഒ | ഇൻവെസ്റ്റിഗേറ്റർ | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 8 | അഭിജിത് ലാൽ എൻ.എസ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | 8 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |
| 10 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 31 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

പദ്ധതി ബാധിത ഭൂവുടമകൾക്കും മറ്റ് വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാ വുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി

തയ്യാറാക്കുക എന്നിവയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത ഭൂവുടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത ഭൂവുടമയുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ആദ്യ ഘട്ടത്തിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയും റെയിൽവേ അധീനതയിലുള്ള ഭൂമിയും പരിശോധിക്കുകയും, പദ്ധതി ബാധിതമാകുന്ന വസ്തുവകകൾ നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ബാധിത ഭൂമിയുടെ പ്രതിനിധിയുമായി പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോ ഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, ഭൂവുടമകളെക്കുറിച്ചുള്ള വിവരങ്ങൾ, ഉടമയുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഭൂവുടമയ്ക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ യുടെ കൺസ്ട്രക്ഷൻസ് ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ, കിഫ്ബി, പാലക്കാട് നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി. സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത്

ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന കുടുംബങ്ങളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ – സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിച്ച വിവരങ്ങൾ കൂടി ഇതോടൊപ്പം കൂട്ടി ചേർത്തിട്ടുള്ളതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ

അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേയുടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻസ്-2 കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി, പാലക്കാട് കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ദക്ഷിണ റെയിൽവേ ഉദ്യോഗസ്ഥരും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി, പാലക്കാട് ഉദ്യോഗസ്ഥരുമായും അഭിമുഖം.
- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയ ത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത ഉടമയുമായി അഭിമുഖം
- ജനപ്രതിനിധികളുമായും മറ്റ് പ്രദേശവാസികളുമായും അഭിമുഖം
- കരട് രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും
- 26.02.2026 വ്യാഴാഴ്ച്ച രാവിലെ 11.00. മണിക്ക് ഷൊർണ്ണൂർ മുനിസിപ്പാലിറ്റി ഹാളിൽ പബ്ലിക് ഹിയറിംഗ്.
- അന്തിമ രേഖ തയ്യാറാക്കലും, പ്രസിദ്ധപ്പെടുത്തലും

***പബ്ലിക് ഹിയറിങ്ങ്***

ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ് നടത്തുന്നതിനായി ഒറ്റപ്പാലം താലൂക്കിലെ ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് ഏകദേശം 1.3762 ഹെക്ടർ ഭൂമി, ന്യായമായ

നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 26.02.2026 തീയ്യതി ഷൊർണ്ണൂർ മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ വച്ച് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചു.

പകൽ 11 ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, ഡവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ്, രാജഗിരി ഔട്ട്റീച്ച്, പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ജനപ്രതിനിധികളേയും, ഉദ്യോഗസ്ഥരേയും, പദ്ധതി ബാധിതരേയും സ്വാഗതം ചെയ്തു. ശ്രീമതി. മീന കുരുവിള, ചെയർപേഴ്സൺ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു.



ശ്രീ.ബിജു സി.പി, SIA കോർഡിനേറ്റർ സ്വാഗതം ആശംസിക്കുന്നു.



ശ്രീമതി. മീന കുരുവിള, ചെയർ പേഴ്സൺ, SIA യൂണിറ്റ്, രാജഗിരി ഔട്ട്റീച്ച്



അഡ്വ. നിർമ്മല പി., മുനിസിപ്പൽ ചെയർപേഴ്സൺ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

അഡ്വക്കേറ്റ് നിർമ്മല പി., ചെയർപേഴ്സൺ, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, പബ്ലിക് ഹിയറിങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ശ്രീ. വി.കെ അനുരാജ്, വൈസ് ചെയർമാൻ, ശ്രീമതി. സൗമ്യ സി.കെ, കൗൺസിലർ, വാർഡ് 13, ശ്രീ.ഇ.പി നന്ദകുമാർ, കൗൺസിലർ, വാർഡ് 24, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



ശ്രീ.വി.കെ അനുരാജ്, വൈസ് ചെയർമാൻ, ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നു



ശ്രീമതി. സൗമ്യ സി.കെ, കൗൺസിലർ, ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നു



ശ്രീ.ഇ.പി നന്ദകുമാർ, കൗൺസിലർ, ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നു



ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ് കരട് രേഖ അവതരിപ്പിക്കുന്നു

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട്, പദ്ധതിബാധിതരും, ജനപ്രതിനിധികളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരുൾപ്പെടെയുള്ള പൊതുജനങ്ങളും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്കു വച്ചു. ശ്രീമതി. ഷിർമിളദാസ് എ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി, പാലക്കാട്, ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും അർത്ഥനാധികാരിയായ സതേൺ റെയിൽവേസിൻെറ പ്രതിനിധികളായി പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്ന അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എൻ.ബി അജിത്, ലാൻറ് അക്വിസിഷൻ അസോസിയേറ്റ് ശ്രീ കെ. എസ് പരീദ്, എന്നിവർ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ട്രാക്കുകൾ, പാലങ്ങൾ, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിഷയങ്ങളിലും ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. കൂടാതെ, പദ്ധതിയുടെ സാങ്കേതിക വശങ്ങളേക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെ കുറിച്ചും ഉദ്യോഗസ്ഥർ വിശദീകരിച്ചു.



ശ്രീമതി. ഷിർമിളദാസ് എ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി സംസാരിക്കുന്നു



ശ്രീ.എൻ.ബി അജിത്, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സംസാരിക്കുന്നു



ശ്രീ കെ. എസ് പരീദ്, ലാൻറ് അക്വിസിഷൻ അസോസിയേറ്റ് സംസാരിക്കുന്നു







പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.



പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.







പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.







പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.







പദ്ധതി ബാധിതർ ആശങ്കകൾ പങ്കു വെക്കുന്നു.

യോഗത്തിൽ പങ്കെടുത്ത ഭൂവുടമകളും ജനപ്രതിനിധികളും ഉൾപ്പെടെ എല്ലാവരും തന്നെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട നിലവിലെ പദ്ധതിയോട് വളരെ സ്വാഗതാർഹമായ സമീപനമാണ് പങ്ക് വച്ചത്. എന്നാൽ, പദ്ധതി ബാധിതർക്ക് മാന്യമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും, വീട് നഷ്ടപ്പെടുന്നവർക്കും, കുടിയൊഴിക്കപ്പെടുന്നവർക്കും പ്രത്യേക പരിഗണന നൽകണമെന്നും ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ ആവശ്യപ്പെട്ടു. കൂടാതെ, പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശവാസികൾക്കും ഉണ്ടാകാൻ സാധ്യതയുള്ള പല വിധത്തിലുള്ള ആഘാതങ്ങളെ കുറിച്ചുള്ള ആശങ്കകളും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. പ്രദേശാത്തെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ളതും, പ്രദേശവാസികളുടെ വസ്തുവകകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ടുള്ളതുമാണ് ഇവയിൽ പ്രധാനം. പദ്ധതി പ്രദേശം നല്ലൊരു ഭാഗം കൃഷിസ്ഥലമാണ് എന്നതിനാൽ ഏറ്റെടുക്കലിന് ശേഷം പ്രദേശത്ത് കൃഷി തടസ്സപ്പെടാത്ത വിധത്തിൽ നീരൊഴുക്ക് നിലനിറുത്തുക, വിവിധ ജലസേചന പദ്ധതികളിൽ നിന്നും മറ്റുമുള്ള വെള്ളം കൃഷിയിടങ്ങളിലേക്ക് എത്തുന്നത് തടസ്സപ്പെടാത്ത വിധത്തിലുള്ള മുൻകരുതലുകൾ സ്വീകരിക്കുക, കൃഷി സ്ഥലങ്ങളിലേക്ക് ട്രക്ടർ ഉൾപ്പടെയുള്ളവയുടെ പ്രവേശനം ഉറപ്പ് വരുത്തുക, തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾ കാരേക്കാട് പാടശേഖര സമിതി ഭാരവാഹികൾ ഉൾപ്പടെയുള്ള കർഷകർ പങ്ക് വച്ചു. നിർമ്മാണ ഘട്ടത്തിലൊ, അതിന് ശേഷമൊ പ്രദേശവാസികൾക്ക് അവരുടെ വസ്തുവകകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടാത്ത വിധത്തിൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പ് വരുത്തണമെന്നും യോഗത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടു.

പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട മറ്റൊരു പ്രധാന ആശങ്ക പ്രദേശത്ത് നിർമ്മാണ പ്രവർത്തി നടക്കുന്നതിനാൽ, പൈലിങ്ങ് ഉൾപ്പടെയുള്ള പ്രവർത്തി നടക്കുമ്പോൾ സമീപത്ത് താമസിക്കുന്ന ഭാസുര ദേവി w/o ചന്ദ്രശേഖരൻ എന്നിവരുടെ വീട് താമസ യോഗ്യമല്ലാതാവുകയും നഷ്ട പരിഹാരം ലഭ്യമാകുന്നതിന് മുൻപേ കുടുംബം കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുമൊ എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ കുടുംബത്തെ മാറ്റി പാർപ്പിക്കുകയൊ, അവർക്ക് വേഗത്തിൽ നഷ്ട പരിഹാരം നൽകി ഒഴിവാക്കുകയൊ വേണമെന്ന ആവശ്യവും യോഗത്തിൽ ഉയർന്നുവന്നു. നഷ്ട പരിഹാരവുമായി ബന്ധപ്പെട്ടും, നിലവിലെ അലൈൻമെൻറിൽ മാറ്റം വരുത്തുന്നതു മായി ബന്ധപ്പെട്ടും, അമ്പലക്കുളം, നഗരസഭയുടെ സ്ഥലം തുടങ്ങി മറ്റ് വിവിധ

വിഷയങ്ങളിലുള്ള ആശങ്കകളും നിർദ്ദേശങ്ങളും ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ പങ്ക് വച്ചു *(ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും വിശദമായി പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു).*

പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽവേയും, നഗര സഭയും ഭൂവുടമകളും പരസ്പരം സഹകരിച്ച് നല്ല രീതിയിൽ മുമ്പോട്ട് പോകണമെന്നും, റെയിൽവെയുടെ ഡി.ആർ.എം നെ ഉൾപ്പെടുത്തി ഒരു യോഗം കൂടി നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതിന് മുമ്പ് നടത്തണമെന്നും നഗരസഭ ചെയർ പേഴ്സൺ ആവശ്യപ്പെട്ടു.

മറുപടി പ്രസംഗത്തിൽ RFCT LARR Act 2013 പ്രകാരമുള്ള ന്യായമായ നഷ്ട പരിഹാരം തന്നെ അർഹരായ പദ്ധതി ബാധിതർക്ക് ലഭിക്കുമെന്നും, ആരുടേയും നിലവിലുള്ള വഴിയൊ പ്രവേശന മാർഗ്ഗമൊ തടസ്സപ്പെടില്ലെന്നും കഴിയുന്നത്ര ആഘാതം കുറവ് വരുന്ന രീതിയിലുള്ള നടപടികൾക്ക് ശ്രമിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

പബ്ലിക് ഹിയറിങ്ങിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി ഓവർസിയർ ശ്രീമതി. കെസിയ മേരി ജോൺ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി ഓഫീസിൽ നിന്നും റവന്യു ഇൻസ്പെക്ടർ ശ്രീ.രമേഷ് ഇ.ബി, സർവ്വെയർ ശ്രീ. ജിജി ജോർജ്, എന്നിവരും ഷൊർണ്ണൂർ–1 വില്ലേജിൽ നിന്നും വില്ലേജ് ഓഫീസർ ഇൻ ചാർജ് അജീഷ് വി.പി, വില്ലേജ് ഫീൽഡ് അസിസ്റ്റൻറ് ശ്രീ അജീഷ് കെ.വി എന്നിവരും സന്നിഹിതരായിരുന്നു. രാജഗിരി ഔട്ട്റീച്ചിൽ നിന്നും റിസർച്ച് അസിസ്റ്റൻറ് ശ്രീ.വർഗ്ഗീസ് കെ. ഒ പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായവർക്ക് നന്ദിയർപ്പിച്ചു സംസാരിച്ചു. യോഗം കൃത്യം 1.40 pm ന് അവസാനിച്ചു.

**പട്ടിക 3.5.1.** 26.02.2026 തീയതി പകൽ 11.00 ന് ഷൊർണ്ണൂർ മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

| ക്രമ നമ്പർ | ചോദ്യകർത്താവിൻെറ പേര് /സർവ്വെ നമ്പർ/ വില്ലേജ് | ചോദ്യം/ആശങ്ക | ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി ( LAO & Railway) |
|---|---|---|---|
| **I. പദ്ധതി ബാധിതർ ( ഭൂവുടമകൾ / മറ്റുള്ളവർ)** | | | |
| 1 | *ഭാസുര ദേവിക്ക് വേണ്ടി ചന്ദ്രശേഖരൻ 36/1C1* | റെയിൽവെയുടെ നിർദ്ദേശ പ്രകാരം കുടിക്കട സർട്ടിഫിക്കറ്റ്, തണ്ടപ്പേര് സർട്ടിഫിക്കറ്റ്, വില്ലേജ് സ്കെച്ച്, സമ്മത പത്രം തുടങ്ങിയവ എടുത്ത് വച്ചിട്ട് ഒരു വർഷത്തിൽ അധികമായി. കൂടാതെ, പ്രദേശത്ത് പൈലിങ് ഉൾപ്പടെയുള്ള പണി നടക്കുന്നതിനാൽ വീടിന് വിള്ളലുകൾ വീഴുകയും പൊടിയും ശബ്ദ മലിനീകരണവും മൂലം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതി മൂലം അത്രയും ബുദ്ധിമുട്ടിയാണ് പ്രദേശത്ത് താമസിക്കുന്നത് എന്നതിനാൽ, നഷ്ടപരിഹാര നടപടികൾ വേഗത്തിലാക്കണം. | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിത ഗതിയിലാക്കുന്നതാണ് (LAO)<br><br>ഭൂമി ഏറ്റെടുക്കൽ പ്രക്രിയ്യ പൂർത്തീകരിച്ച് വേഗത്തിൽ നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടികൾ കൈകൊള്ളണമെന്ന് റവന്യു അധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. (Railway) |
| 2 | ശൈലജ*ക്ക് വേണ്ടി* ഗോപിനാഥൻ *36/1C* | വീടിൻെറ മുൻ ഭാഗമാണ് പോകുന്നത്. റെയിൽവെ അത് ഏറ്റെടുത്ത് കഴിഞ്ഞാൽ ഞങ്ങൾക്ക് വീട്ടിലേക്ക് പ്രവേശിക്കാൻ സാധിക്കില്ല. വീടിൻെറ രണ്ട് വശങ്ങളിൽ ഒരു ഭാഗത്ത് പുഴയും മറു ഭാഗത്ത് റോഡ് 2 മീറ്റർ താഴ്ച്ചയിലുമാണ്. ആയതിനാൽ വസ്തുവിലേക്ക് കടക്കാൻ വഴിയുണ്ടാകില്ല. എന്ത് ചെയ്യണമെന്നറിയില്ല. | ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള നിലവിലുള്ള റോഡ് / വഴി എന്നിവ അനുയോജ്യമായ രീതിയിൽ ഷിഫ്റ്റ് ചെയ്യപ്പെടും. എന്നാൽ, നിലവിൽ വഴി / റോഡ് ഇല്ലാത്ത ഭൂമിയിൽ ഇത് ബാധകമല്ല. (Railway) |

| | | | |
|---|---|---|---|
| 3 | ജയലക്ഷ്മി, കാരക്കാട്<br><br>111/A4, 111/A5, 111/B1, 111/A1 | മൂന്ന്, നാല് സർവ്വെ നമ്പരുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നു. എത്ര പോകുന്നു എത്ര ബാക്കിയുണ്ട് എന്ന് അറിയില്ല, കുടുംബത്തിൻെറ പ്രധാന വരുമാന മാർഗ്ഗമായതിനാൽ ബാക്കിയുള്ള സ്ഥലം നഷ്ടപ്പെടരുത് എന്നുണ്ട്. പക്ഷെ, ബാക്കിയുള്ള സ്ഥലത്തേക് വഴിയുണ്ടാകുമൊ, അതിൽ കൃഷി ചെയ്യാൻ പറ്റുമൊ? അതിലേക്ക് ട്രാക്ടർ ഇറങ്ങുമൊ എന്നൊക്കെയുള്ള ആശങ്കകൾ ഉണ്ട്. | ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള നിലവിലുള്ള റോഡ് / വഴി എന്നിവ ഉപയോഗ്യമായ രീതിയിൽ ഷിഫ്റ്റ് ചെയ്യപ്പെടും. എന്നാൽ, നിലവിൽ വഴി / റോഡ് ഇല്ലാത്ത ഭൂമിയിൽ ഇത് ബാധകമല്ല. (Railway) |
| 4 | മൊയ്തീൻകുട്ടി<br><br>35/3B 3-1, 35/3A3 | വീടും സ്ഥലവും കിണർ ഉൾപ്പടെയുള്ള സൗകര്യങ്ങളും നഷ്ടപ്പെടുന്നു. അതിനനുസരിച്ചുള്ള മാന്യമായ നഷ്ടപരിഹാരം നൽകണം. | റവന്യു അധികൃതർ ചെയ്യുന്നതാണ് (Railway) |
| 5 | രേഷ്മ കെ.ടി<br><br>128/5B | യാതൊരും ഇൻഫോർമേഷനുമില്ലാതെ നമ്മുടെ സ്ഥലത്ത് വന്ന് ഇതര സംസ്ഥാന തൊഴിലാളികൾ അടക്കമുള്ള പരിചയമില്ലാത്ത ആളുകൾ വന്ന് കുറ്റിയടി ക്കുന്നത് തീർത്തും ഉൾക്കൊള്ളാൻ സാധിക്കാത്തതാണ്. അങ്ങനെ ചെയ്യുമ്പോൾ മുൻകൂട്ടി അറിയിച്ച് വരികയാണെങ്കിൽ നല്ലതായിരിക്കും. | സർവ്വെ ആൻറ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6 (1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ഭാവിയിൽ നൽകുന്നതാണ്. (Railway) |
| 6 | രാജൻ, 97/A8, 127/8 | സുഹ്ബ്രമുണ്യ ക്ഷേത്രത്തിനോട് ചേർന്നുള്ള പറമ്പാണ്. മൂന്നര ഏക്കർ കൃഷി ഭൂമിയിൽ ഒരു ഏക്കറിലധികം നഷ്ടപ്പെടുന്നു. പറമ്പായിരുന്ന ഭൂമി നെൽകൃഷിക്ക് വേണ്ടി ഒരുക്കിയ സ്ഥലമാണ് നഷ്ടപ്പെടുന്നത്. അവിടെ ഒരു കിണറും കുളവും കുഴിച്ചിട്ടുണ്ട്. ലക്ഷങ്ങൾ | എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCT LARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ |

| | | | |
|---|---|---|---|
| | | ചിലവഴിച്ചാണ് ഇലക്ട്രിസിറ്റി കണക്ഷൻ എടുത്തത്. ഇതെല്ലാം കണക്കിലെടുത്ത് വേണം നഷ്ടപരിഹാരം കണക്കാക്കുന്നത്.<br><br>ഭൂമി ഏറ്റെടുക്കലിന് ശേഷം കണ്ടത്തിൽ ഒരു ട്രാക്ടറിന് തിരിയാനൊ പൂട്ടനൊ പറ്റാത്ത വിധം ഏകദേശം അഞ്ചൊ ആറൊ അടി മാത്രമായി അവശേഷിക്കുന്നു. ആ സ്ഥലം എന്ത് ചെയ്യും.<br><br>ട്രാക്ടർ പോകുന്നതിനുള്ള വഴിയും, കലുങ്കും പദ്ധതിക്ക് ശേഷവും ഉണ്ടാകണം. നിലവിലുള്ള വെള്ളച്ചാലുകളെ സംരക്ഷിക്കണം.<br><br>ഓരോ പദ്ധതി ബാധിത പ്രദേശങ്ങളെയും ഇൻഡിവിഡ്യുൽ കേസായി പഠിച്ച് വേണം നഷ്ടപരിഹാരം കണക്കാക്കേണ്ടത്. | നൽകുന്നതാണ്. (Railway)<br><br>റവന്യു അധികൃതർ ടി ആശങ്ക / നഷ്ടം പരിഗണിക്കുന്നതാണ്. (Railway)<br><br>ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള നിലവിലുള്ള റോഡ്/വഴി അനുയോജ്യമായ രീതിയിൽ ഷിഫ്റ്റ് ചെയ്യപ്പെടും. എന്നാൽ, നിലവിൽ വഴി / റോഡ് ഇല്ലാത്ത ഭൂമിയിൽ ഇത് ബാധകമല്ല. (Railway)<br><br>റവന്യു അധികൃതർ ബന്ധപ്പെട്ട വിഷയം/ നഷ്ടം പരിഗണി ച്ചേക്കാവുന്നതാണ്. (Railway) |
| 7 | ശീതളാദേവി മുതൽപ്പേരിന് വേണ്ടി രാമചന്ദ്രൻ (51/A1) | വീടും സ്ഥലവും റെയിൽവെ വികസനത്തിന് വേണ്ടി വിട്ട് നൽകാൻ തയ്യാറാണ്. ഇതിന് ശേഷം കോയമ്പത്തൂരിൽ നിന്നുള്ള പരമാവധി ട്രെയിനുകൾ ഷൊർണ്ണൂർ വഴി വിടണം. | നിലവിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധമില്ല (Railway) |
| 8 | സുഹ്ബ്രമുണ്യ ക്ഷേത്രം സെക്രട്ടറി | ഒരു സർവ്വെ കൂടി നടത്തി നിലവിലെ അലൈൻമെ ൻറിന് പകരമായി പാലക്കാട്ടേക്ക് പോകുന്ന ട്രാക്കിൻെറ | സാങ്കേതികമായ എല്ലാ വിഷയങ്ങളും പ്രശ്നങ്ങളും പരിഗണിച്ച് കൊണ്ടാണ് |

| | | | |
|---|---|---|---|
| | വിജയപ്രകാശ് ശങ്കർ | തെക്ക് ഭാഗം കൃഷി ചെയ്യാൻ പറ്റാതെ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമിയുണ്ട്. അതിലൂടെ അലൈൻമെൻറ് മാറ്റുക യാണെങ്കിൽ ഇത്രയും കൃഷി ഭൂമി നഷ്ടപ്പെടാതെയും വലിയ നഷ്ടപരിഹാരം കൊടുക്കാതെയും പദ്ധതി പൂർത്തീകരിക്കാം.<br><br>ഏകദേശം 20 അടിക്ക് മുകളിൽ താഴ്ച്ചയുള്ള അമ്പല കുളത്തിനെ മുപ്പത് ലക്ഷത്തോളം രൂപ ചിലവഴിച്ച് കെട്ടി നിറുത്തിയിരിക്കുന്നതാണ്. അത് ഒരു ഭാഗം പൊളിച്ച് കഴിഞ്ഞാൽ കുളത്തിലേക്ക് മണ്ണിടിഞ്ഞ് വരുന്നതിനും, കെട്ടിനിറുത്തിയ ബാക്കി ഭാഗം കൂടി ഇളകാനും സാധ്യതയുണ്ട്. കൂടാതെ, ഇത് വാസ്തു പ്രകാരം കെട്ടി നിറുത്തിയ കുളമാണ് അതിൻെറ ഒരു ഭാഗത്ത് നിന്ന് രണ്ടര സെൻറ് എടുത്ത് കഴിഞ്ഞാൽ, അതിനനുസൃതമായി മറ്റ് ഭാഗങ്ങളിലും മാറ്റം വരുത്തേണ്ടിവരും ഈ വിഷയം എങ്ങിനെയാണ് പരിഹരിക്കുന്നത് എന്ന് വ്യക്തമാക്കണം. | നിലവിലെ അലൈൻമെൻറ് ഫിക്സ് ചെയ്തിരിക്കുന്നത്. ഏറ്റവും കുറവ് അക്വിസിഷൻ വരുന്ന വിധത്തിൽ ഏറ്റവും ബെസ്റ്റ് റൂട്ടാണ് നിലവിലെ അലൈൻമെൻറ് പ്രകാരമുള്ളത്.<br><br>റവന്യു അധികൃതർ ബന്ധപ്പെട്ട വിഷയം /നഷ്ടം പരിഗണിച്ചേക്കാവുന്നതാണ്. (Railway) |
| 9 | സുഭാഷ് കളത്തിൽ കുന്നത്ത് | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എൻെറ വീടിന് സമീപത്താണ് റെയിൽവെ യുടെ കുറ്റിയടിച്ചിട്ടുള്ളത്. ആയത് വീടിനൊ, വഴിക്കൊ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുമൊ എന്ന് ആശങ്കപ്പെടുന്നു. ആയതിനാൽ നഷ്ടപരിഹാര നടപടികളിൽ ഉൾപ്പെടുത്തണം. | എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCTLARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway) |

| | | | |
|---|---|---|---|
| 10 | നവാജ്, പുത്തൻ വീട്, | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എൻെറ വീട് പൂർണ്ണമായും നഷ്ടപ്പെടുന്നു. എൻെറ കുടുംബത്തേയും മാന്യമായ നഷ്ട പരിഹാരത്തിന് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. | പരിഗണിക്കുന്നതാണ്<br><br>എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCTLARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway) |
| 11 | കാരേക്കാട് പാടശേഖര സമിതി സെക്രട്ടറി ശ്രീ.ബിജു. | കല്ലിത്തൊടി-കള്ളിക്കാട്ടിൽ ഭാഗങ്ങളിലെ പതിനേഴോളം വരുന്ന ഭൂവുടമകളുടെ കൃഷി സ്ഥലത്തേക്കുള്ള നീരൊഴുക്ക് തടസ്സം ഇല്ലാതാക്കുക<br><br>പാലം പണി നടക്കുന്നുണ്ട്. റെയിൽവെ ഡബ്ലിങ്ങാണൊ പാലം പണിയാണൊ പദ്ധതി എന്നറിയുന്നില്ല. മാത്രമല്ല, പാലക്കാട് ഭാഗത്തേക്ക് രണ്ടാം കമാനം വരെയെ സർവ്വെ നടത്തിയിട്ടുള്ളു. അതിന് ഒരു ക്ലാരിഫിക്കേഷൻ വേണം.<br><br>ത്രാങ്ങാലി-ചെറുതോടിലൂടെ വരുന്ന വെള്ളം | സുഗമമായ നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള എല്ലാ ജലപാതകളും നിലനിറുത്തുന്നതാണ്.<br><br>നിർമ്മാണ പ്രവർത്തി നടന്ന് കൊണ്ടിരിക്കുന്ന ഭാരതപ്പുഴക്ക് കുറുകെയുള്ള പാലം *"ഷൊർണ്ണൂർ ജംഗ്ഷൻ, വള്ളത്തോൾ നഗർ സ്റ്റേഷനുകൾക്കിടയിൽ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ്"* എന്ന നിലവിലെ പദ്ധതിയുടെ ഭാഗമാണ്. നിർമ്മാണ പ്രവർത്തി പ്രധാനമായും ഷൊർണ്ണൂരിൽ ആണ്. ഇതിൻെറ എക്സ്റ്റൻഷനും വള്ളത്തോൾ നഗറിലേക്കുള്ള അഡീഷണൽ ലൈനും ഇതിൽ ഉൾപ്പെടുന്നു. (Railway)<br><br>സുഗമമായ നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | പ്രധാനമായി 3 കമാനങ്ങളിലൂടെയാണ് പാടശേഖരത്തിലൂടെ വെള്ളം പോകുന്നത്. അത് നിലനിർത്തുക.<br><br>കവളപ്പാറ ലിഫ്റ്റ് ഇറിഗേഷൻ കനാലിലൂടേയും മറ്റും ഭാരതപ്പുഴ സ്റ്റേഷൻ ഭാഗത്ത് കൂടി കല്ലിത്തൊടി ഭാഗത്തേക്ക് പോകുന്ന വെള്ളം തടസ്സപ്പെടാനുള്ള സാധ്യതയുണ്ട് അതിന് ഒരു ബദൽ സംവിധാനം ഉണ്ടാകണം. ഈ ഭാഗത്തേക്ക് ട്രാക്ടർ കാർഷിക മെഷീൻ കൊണ്ടുപോകാൻ സൗകര്യം ചെയ്യുക,<br><br>ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 15 മീറ്റർ താഴ്ച്ചയിലുള്ള അമ്പലക്കുളത്തിന്റെ രണ്ടര സെന്റോളം സ്ഥലം പോകും. അവിടെ എന്ത് ചെയ്യാൻ സാധിക്കും.<br><br>നഗര സഭ പൊന്നും വിലക്കെടുത്ത കാരേക്കാട് നമ്പ്രം ഭാഗത്ത് ഉണ്ടാക്കിയിട്ടുള്ള റോഡിന്റെ 80 ശതമാനം പോകും. കൂടാതെ, നഗര സഭയുടെ 20 സെന്റോളം വരുന്ന ഒരു പാർക്കിങ്ങ് ഏരിയയും ബാധിക്കപ്പെടുന്നു. ഇതിന് എന്ത് പരിഹാരമാണ് കാണുന്നത്.<br><br>ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന ഉപയോഗശൂന്യമായ സ്ഥലങ്ങൾ റെയിൽവെ ഏറ്റെടുക്കണം.<br><br>പദ്ധതിയുടെ ഭാഗമായി മണ്ണെടുക്കുമ്പോൾ വെള്ളക്കെട്ട് | ജലപാതകളും നിലനിറുത്തുന്നതാണ്. (Railway)<br><br>സുഗമമായ നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള എല്ലാ ജലപാതകളും നിലനിറുത്തുന്നതാണ്. (Railway)<br><br>റവന്യു അധികൃതർ ബന്ധപ്പെട്ട വിഷയം /നഷ്ടം പരിഗണി ച്ചേക്കാവുന്നതാണ്. (Railway)<br><br>ഈ ആശങ്കകൾ RFCTLARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള അനുയോജ്യമായ തുടർ നടപടികൾക്കായി റവന്യൂ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ട് വന്നേക്കാവുന്നതാണ് (Railway)<br><br>ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന ഭൂമി RFCTLARR ACT 2013 അനുശാസിക്കുന്ന പ്രകാരം കൈകാര്യം ചെയ്യുന്നതാണ്. (Railway)<br><br>പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഡ്രെയിനേജ് |

| | | | |
|---|---|---|---|
| | | ഉണ്ടാകാതിരിക്കുന്നതിനുള്ള ബദൽ സൗകര്യം ഒരുക്കണം.<br><br>പദ്ധതിക്ക് വേണ്ടി ഫില്ലിങ്ങും മറ്റും വരുമ്പോൾ, നിലവിൽ വെള്ളക്കെട്ടുള്ള തണ്ണീർ പന്തൽ ഭാഗത്ത് 12, 13 വാർഡുകളിൽ വെള്ളക്കെട്ട് രൂക്ഷമാകുന്നതിനുള്ള സാധ്യതയുണ്ട്. അവിടത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം അതിനുള്ള ഡ്രെയിനേജ് സൗകര്യം മുൻ കൂട്ടി ആസൂത്രണം ചെയ്യണം.<br><br>കനാൽ എക്സ്റ്റൻഷൻ ചെയ്യുന്നതിന് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള സാഹചര്യമാണ് അത് ഇനി ഏതിലെ പോകും എന്ന ആശങ്ക കർഷകർക്കുണ്ട്<br><br>നമ്പ്രം ഭാഗത്തേക്ക് സമാന്തര റോഡ് ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഉണ്ടാവണം. അവിടെയുള്ള കൃഷിയിടങ്ങളിലേക്ക് വാഹനം കൊണ്ട് പോകുന്നതിന് മാർഗ്ഗമുണ്ടാകണം.<br><br>ഭാരതപ്പുഴ സ്റ്റേഷൻ റോഡ് വികസനം നിലവിൽ നിറുത്തി വച്ചിരിക്കുകയാണ്. ഇനി എന്ത് സംവിധാനമാണ് അതിന് ഉണ്ടാകാൻ പോകുന്നത്.<br><br>കമാനം വഴി പുഴയുടെ തീരത്തെ കൃഷിയിടത്തേക്ക് കാർഷികയന്ത്രം, വാഹനം, സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കണം. മേലെപ്പാട്ട് കോളനി റോഡ് ഒന്നാം | ഉൾപ്പടെയുള്ള വിഷയങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. (Railway)<br><br>പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഡ്രെയിനേജ് ഉൾപ്പടെയുള്ള വിഷയങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. (Railway)<br><br>വിഷയം ബന്ധപ്പെട്ട വകുപ്പ് തീരുമാനിക്കേണ്ടതാണ്. (Railway)<br><br>റോഡ് / പാത ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ, നിലവിലുള്ള റോഡ് / പാതകളൊ, പകരം റോഡ് / പാതകളൊ സൗകര്യങ്ങളൊ നൽകുന്നതാണ്. എന്നാൽ നിലവിൽ റോഡ് ഇല്ലാത്ത സ്ഥലങ്ങളിൽ ഇത് ബാധകമല്ല. (Railway)<br><br>റോഡ് / പാത ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ, നിലവിലുള്ള റോഡ് / പാതകളൊ, പകരം റോഡ് / പാതകളൊ |

| | | | |
|---|---|---|---|
| | | കമാനം വഴി, നമ്പ്രം വഴി, കൊച്ചിൻ പാലം വഴി അനുവദിക്കുക. നമ്പ്രം നിവാസികൾക്ക് സ്കൂൾ, ആശുപത്രി എന്നിവിടങ്ങളിൽ പോകാൻ സൗകര്യം നൽകുക, കന്നുകാലികൾക്കുൾപ്പടെ പ്രവേശനം നൽകുക.<br><br>വീട് നഷ്ടപ്പെടുന്നവർക്കും കുടിയൊഴിക്കപ്പെടുന്നവർക്കും പ്രത്യേക പരിഗണന നൽകണം. പദ്ധതി ബാധിതർക്ക് മതിയായ നഷ്ടപരിഹാരം നൽകണം.<br><br>ഏറ്റെടുക്കുന്ന സ്ഥലത്തോട് ചേർന്നുള്ള സ്ഥലങ്ങളുടെയും വീടുകളുടേയും സുരക്ഷിതത്വം ഉറപ്പ് വരുത്തുക. | സൗകര്യങ്ങളൊ നൽകുന്നതാണ്. എന്നാൽ നിലവിൽ റോഡ് ഇല്ലാത്ത സ്ഥലങ്ങളിൽ ഇത് ബാധകമല്ല. (Railway)<br><br>എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCTLARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway)<br><br>ഉറപ്പ് വരുത്തുന്നതാണ് (Railway) |
| 12 | ചന്ദ്രാവതി, നമ്പ്രം | വർഷങ്ങൾക്ക് മുമ്പ് വീടും ഭൂമിയും ഉൾപ്പടെ വാങ്ങിയ പട്ടയത്തിനായി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്ന പുറമ്പോക്ക് ഭൂമിയിൽ കുറ്റിയടിച്ചിട്ടുണ്ട്. റെയിൽവെ വികസനത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ പ്രദേശത്തുള്ളവർക്ക് പൊടിപടലങ്ങൾ മൂലവും മറ്റും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കുന്നതിനുള്ള നടപടികളുണ്ടാവണം. നഷ്ട പരിഹാര നടപടികളിൽ കുടുംബത്തേയും ഉൾപ്പെടുത്തണം. | എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCT LARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway)<br><br>നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന വായു മലിനീകരണം മറ്റ് പ്രശ്നങ്ങൾ പ്രവൃത്തി നടക്കുമ്പോൾ പരമാവധി കുറക്കുന്നതാണ്. |

| | | | |
|---|---|---|---|
| **II.** | **ജനപ്രതിനിധികൾ** | | |
| 13 | അഡ്വക്കേറ്റ് നിർമ്മല പി (ചെയർപേഴ്സൺ) | D.R.M നെ ഉൾപ്പെടുത്തികൊണ്ട് ഒരു യോഗം കൂടി വിളിക്കണം. പദ്ധതി ബാധിതരുടെ ആശങ്കകൾ തീർക്കണം. | "ഷൊർണ്ണൂർ – വള്ളത്തോൾ നഗർ ട്രാക്ക് പാച്ച് ഡബ്ലിങ്ങ്" പദ്ധതിക്ക് വേണ്ടി RFCT LARR ACT 2013 പ്രകാരം ഭൂമിയെറ്റെടുക്കുന്നതിൻെറ സാമൂഹ്യാഘാത പഠനത്തിൻെറ ഭാഗമായി നടത്തിയ പബ്ലിക് ഹിയറിങ്ങാണിത്. |
| 14 | ശ്രീ. വി.കെ അനുരാജ് (വൈസ് ചെയർമാൻ) | നിർമ്മാണ പ്രവർത്തി നടക്കുന്നതിൻെറ ഭാഗമായി വീട് ബാധിക്കുമെങ്കിൽ അവരെ മാറ്റി പാർപ്പിച്ച് വേണം അവിടെ നിർമ്മാണ പ്രവർത്തി നടത്താൻ. പുറമ്പോക്ക് ഭൂമിയിൽ നിർമ്മാണ പ്രവർത്തി നടത്തുമ്പോഴാണെങ്കിലും സമീപ പ്രദേശത്തുള്ളവർക്ക് ബുദ്ധിമുട്ടുകളുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുകയും അവരുടെ സുരക്ഷ ഉറപ്പ് വരുത്തുകയും വേണം.<br><br>പദ്ധതിയുടെ ഭാഗമായി ബാധിക്കപ്പെടുന്ന ജനങ്ങളുടെ ഭൂമി, പാടം, തോട് തുടങ്ങിയ സ്ഥലങ്ങളിലുള്ള പ്രവേശനം / വഴി എങ്ങിനെയെന്ന് വ്യക്തമാക്കണം.<br><br>കൃഷിക്ക് വേണ്ടിയുള്ള ആക്സസ് നിർബന്ധമായും ഉറപ്പ് വരുത്തണം. ട്രാക്ക്ടർ, കൊയ്ത്ത് യന്ത്രങ്ങൾ എന്നിവ പാടത്തേക്ക് ഇറങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. | ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര നടപടികൾ ഉറപ്പാക്കും.<br><br>റോഡ്/പാത ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ, നിലവിലുള്ള റോഡ് / പാത നൽകുകയൊ, അല്ലെങ്കിൽ പകരം റോഡ് ഒരുക്കുകയൊ ചെയ്യുന്നതാണ്. എന്നാൽ നിലവിൽ റോഡ് ഇല്ലാത്ത സ്ഥലങ്ങളിൽ ഇത് ബാധകമല്ല. (Railway) |

| | | | |
|---|---|---|---|
| | | നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് മുമ്പ് പദ്ധതി ബാധിതരുടെ നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട് എഗ്രിമെൻറ് വക്കണം.<br><br>കാരേക്കാട് നിന്ന് നമ്പ്രത്തേക്ക് കടക്കാൻ ഉള്ള ഒരു വഴി കൂടി ഈ പദ്ധതിയുടെ ഭാഗമായി കൊണ്ട് വന്നാൽ ഒരു പ്രദേശത്തെ ഒറ്റപ്പെടുത്തുന്നത് ഒഴിവാക്കാം. കൂടാതെ, നഗര സഭയിൽ നിന്ന് നമ്പ്രത്തേക്ക് ഏകദേശം 50 മീറ്റർ ദൂരത്തിൽ ഒരു വഴി കൂടി ഈ പദ്ധതിയുടെ ഭാഗമായി കൊണ്ടുവരണം.<br><br>നഗര സഭയുടെ ഭൂമി പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുമ്പോൾ അതിനുള്ള നഷ്ടപരിഹാരം ലഭ്യമാക്കണം. | ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച് കൊണ്ട് RFCT LARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway)<br><br>റോഡ്/പാത ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ, നിലവിലുള്ള റോഡ് / പാത നൽകുകയൊ, അല്ലെങ്കിൽ പകരം റോഡ് ഒരുക്കുകയൊ ചെയ്യുന്നതാണ്. എന്നാൽ നിലവിൽ റോഡ് ഇല്ലാത്ത സ്ഥലങ്ങളിൽ ഇത് ബാധകമല്ല. (Railway)<br><br>പരിഗണിക്കുന്നതാണ് (LAO)<br><br>ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി എല്ലാ ആശങ്കകളും നഷ്ടങ്ങളും പരിഗണിച്ച്കൊണ്ട് RFCT LARR ACT 2013 അനുശാസിക്കുന്ന പ്രകാരമുള്ള നഷ്ട പരിഹാരം റവന്യു അധികൃതർ നൽകുന്നതാണ്. (Railway) |
| 15 | ശ്രീ.ഇ.പി നന്ദകുമാർ (കൗൺസിലർ) | റെയിൽവേക്ക് വേണ്ടി ഭൂമി വിട്ട് കൊടുത്തതിന് ശേഷം ബാക്കി വരുന്ന സ്ഥലത്ത് വീട് / കെട്ടിടം നിർമ്മിക്കുന്നതിന് എൻ.ഒ.സി കൊടുക്കുമൊ? | ബാധകമായ റൂൾസ് പ്രകാരമുള്ള എൻ.ഒ.സി പരിഗണിക്കാവുന്നതാണ് (Railway) |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ് നടത്തുക എന്നതാണ് നിലവിലെ പദ്ധതി. പാലക്കാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഷൊർണ്ണൂർ ജംഗ്ഷൻ കേരളത്തിലെ ഏറ്റവും വലിയ റെയിൽവെ സ്റ്റേഷനും പ്രധാനപ്പെട്ട ജംഗ്ഷനുമാണ്. 1862 ഏപ്രിൽ 14 ന് പട്ടാമ്പി പോഡന്നൂർ–ലൈനിൻെറ ഓപ്പണിങ്ങോട് കൂടിയാണ്. ഷൊർണ്ണൂർ–എറണാകുളം ലൈൻ 1902 ൽ ആരംഭിച്ചതോട് കൂടി ഈ സ്റ്റേഷൻെറ പ്രാധാന്യം വർദ്ധിച്ചു. 1927 ൽ നിലമ്പൂർ റോഡ് ലൈനിൻെറ ആരംഭത്തോട് കൂടി ഷോർണ്ണൂർ ജംഗ്ഷൻ സ്റ്റേഷൻെറ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി.

ദക്ഷിണ റെയിൽ വേയുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനിൽ തിരുവനന്തപുരം, കോഴിക്കോട്/മംഗലാപുരം, പാലക്കാട്, നിലമ്പൂർ എന്നീ നാല് പ്രധാന ദിശകളിലേക്കുള്ള തീവണ്ടി പാതകൾ സന്ധിക്കുന്നു. ഏഴ് പ്ലാറ്റ്ഫോമുകളുള്ള ഇവിടം മലബാറിലേക്കുള്ള കവാടമായി കണക്കാക്കുന്നു. നിലവിൽ ദിവസം ഏകദേശം 90 പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകൾ ഷോർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനിൽ പ്രവേശിച്ച് പോകുന്നു.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് 1.3762 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും, പൊതുജനങ്ങൾക്കും ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1ൽ 1.5 ൽ നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് വാർഡ് 13 ൽ നമ്പ്രം പ്രദേശത്ത് പ്രദേശവാസികൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന റോഡ് / വഴി ബാധിക്കപ്പെടുമൊ എന്ന ആശങ്ക ജനപ്രതിനിധി ഉൾപ്പടെയുള്ള പ്രദേശവാസികൾ അറിയിച്ചു. കൂടാതെ, പ്രദേശത്തെ ഒരു തോടും പദ്ധതിയുടെ രൂപ

രേഖക്കുള്ളിൽ വരുന്നുണ്ട്. പ്രദേശത്തെ കൃഷിയിടങ്ങളിലേക്കുള്ള നീരൊഴുക്ക്, വിവിധയിടങ്ങളിൽ നിന്നുള്ള ജലസേചനം, വഴി എന്നിവ പദ്ധതി മൂലം തടസ്സപ്പെടുമൊ എന്നും, ഇക്കാര്യങ്ങളെല്ലാം പ്രദേശത്തെ കൃഷിയെ ബാധിക്കുമൊ എന്ന ആശങ്കയും കർഷകർക്കുണ്ട്.

**4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതിയുടെ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ സമർപ്പിച്ച അർത്ഥനാപത്രം പ്രകാരം 1.3762 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠനസംഘ വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം**

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ വഴി, നമ്പ്രം പ്രദേശത്ത് ജനങ്ങൾ ഉപയോഗിക്കുന്ന റോഡ്, തോട് എന്നിവ ബാധിക്കപ്പെടുന്നുണ്ട്.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതി പ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ 1 വില്ലേജിൽ കാരക്കാട്, ചുടുവാലത്തൂർ, ചിറമണ്ണൂർ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന 1.3762 ഹെക്ടർ സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശം ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ പെടുന്നു. കൃഷിക്ക് വേണ്ടി ഉപയോഗിക്കുന്ന ഭൂമിയാണ് പ്രധാനമായും ബാധിക്കപ്പെടുന്നത്. കുടുംബങ്ങൾ താമസിക്കുന്ന ഭൂമിയും റോഡായി ഉപയൊഗിക്കുന്ന സ്ഥലവും, തരിശു ഭൂമിയും പദ്ധതി ബാധിത ഭൂമിയിൽ ഉൾപ്പെടുന്നു. പദ്ധതി ബാധിതമാകുന്ന സ്ഥലം പുരയിടം, നിലം, പുറമ്പോക്ക് വിഭാഗത്തിൽ പെടുന്നു.

## 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പുറമ്പോക്ക് ഭൂമിയൊഴികെ, സ്വകാര്യ വ്യക്തികളുടെ ഭൂമി പ്രധാനമായും നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു. പുരയിടം, തോട്ടം എന്നീ വിഭാഗങ്ങളിൽ പെട്ട ഭൂമിയും പദ്ധതി ബാധിതമാകുന്നു. ഏറ്റെടുക്കുന്ന ഭൂമിയിൽ പതിനഞ്ചോളം പദ്ധതിബാധിതർ നെൽ കൃഷി ചെയ്തുവരുന്നു. കൂടാതെ, പയർ വർഗ്ഗങ്ങൾ, വാഴ, മൾബറി, തുടങ്ങിയവയും തെങ്ങ്, കവുങ്ങ്, മാവ് ഉൾപ്പടെയുള്ള ഫല വൃക്ഷങ്ങളും ബാധിതമാകുന്നുണ്ട്.

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പ്രധാനമായും പദ്ധതി ബാധിത പ്രദേശം നെൽ കൃഷിക്കായി ഉപയോഗിച്ചു വരുന്നു. കുടുംബങ്ങൾ താമസത്തിന് ഉപയോഗിക്കുന്ന ഭൂമിയും തരിശായി കിടക്കുന്ന ഭൂമിയും പദ്ധതി ബാധിതമാകുന്നുണ്ട്.

## 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

ബന്ധപ്പെട്ട വിവരം നൽകിയ 24 ഭൂവുടമകളിൽ, 3 ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് 5 സെൻറിന് താഴെയും, 9 ഭൂവുടമകൾക്ക് 5 സെൻറിനും 25 സെൻറിനും ഇടയിലും, 4 ഭൂവുടമകൾക്ക് 25 സെൻറിനും 50 സെൻറിനും ഇടയിലും, 8 ഭൂവുടമകൾക്ക് 50 സെൻറിന് മുകളിലും ആണ്. കൂടാതെ, 6 ഭൂവുടമകൾ പ്രസ്തുത സ്ഥലം താമസത്തിനും, 20 ഉടമകൾ കൃഷിയ്ക്കുമായി ഉപയോഗിക്കുന്നു. 2 ഭൂവുടമകളുടെ സ്ഥലം തരിശായി കിടക്കുകയും ഒരു ഉടമയുടെ സ്ഥലത്ത് നിലവിൽ പ്രവർത്തനമില്ലാത്ത ഒരു ഗോഡൗണും നിൽക്കുന്നു.

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ, 5 ഭൂവുടകളുടെ വീടുകളും, പുറമ്പോക്കിൽ താമസിക്കുന്ന ഒരു കുടുംബത്തിന്റെ വീടും പദ്ധതിബാധിതമാകുന്നതായി അറിയിച്ചു. പദ്ധതി ബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകാൻ സാധ്യതയുള്ള വീടുകൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്* | *ആഘാതം* | *വിവരണം* |
|---|---|---|---|
| 1 | ശീതളദേവി, ലത മൂത്തേടത്ത് മഠം (51/A1) | പൂർണ്ണമായും | ഉപയോഗ ശൂന്യം |
| 2 | വിനയ ഗോപിനാഥ് 9037276930 | പൂർണ്ണമായും | വാടകക്കാർ താമസിക്കുന്നു |
| 3 | ഡോ. ജീന ജയൻ (51/ A2), 9847347070 | പൂർണ്ണമായും | വാടകക്കാർ താമസിക്കുന്നു |
| 4 | മൊയ്തീൻ കുട്ടി 9562029218 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 5 | ഭാഷിണി ദേവി, 9048238244 (36/1C1_2,4) | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |

മുകളിൽ പറഞ്ഞിരിക്കുന്ന വീടുകൾ കൂടാതെ, 30 വർഷത്തോളമായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന നവാജ്, പുത്തൻ വീട്, നമ്പ്രം, ഷൊർണ്ണൂർ എന്നയാളുടെ വീടും പൂർണ്ണമായി ബാധിക്കപ്പെടുന്നു.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് ഒരു ഭൂവുടമയുടെതൊഴികെ മറ്റാരുടെ പദ്ധതി ബാധിതമാകുന്ന ഭൂമിയിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും ഏകദേശം 1.3762 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന ഭൂവുടമകളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകൾ)*

2026 ജനുവരി 09–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാ കളക്ടറുടെ വിജ്ഞാപനം നമ്പർ DCPKD/6905/2024-C3 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽനിന്ന് 1.3762 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ദക്ഷിണ റെയിൽവേ ഉദ്ദേശിക്കുന്നു. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 33 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. കൂടാതെ, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി റോഡ്/വഴിക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലവും, പാർക്കിങ്ങിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലവും ഏറ്റെടുക്കലിൽ ഉൾപ്പെടുന്നതിനാൽ മുനിസിപ്പാലിറ്റിയും പദ്ധതി ബാധിത ഭൂവുടമകളിൽ ഉൾപ്പെടുന്നു. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | പേര്, വിലാസം, ഫോൺ നമ്പർ | സർവെ നമ്പർ | നഷ്ടമാകുന്ന ആസ്തികൾ |
|---|---|---|---|
| 1. | ശീതളദേവി, ലത<br>മൂത്തേടത്ത് മഠം<br>ചുഡുവാലത്തൂർ<br>ഷൊർണ്ണൂർ | 51/A1 | 2 നില വീട് പൂർണ്ണമായി ചുറ്റുമതിൽ, ഗേറ്റ്, കിണർ, ഷെഡ്, ശൗചാലയം, സെപ്റ്റിക് ടാങ്ക്, തെങ്ങ് 3, മാവ് 2, മുരിങ്ങ, വാഴ 8, കറിവേപ്പ്, ഇരുമ്പൻ പുളി, വലിയ മരം, ചെറിയ മരം |
| 2. | സെക്രട്ടറി<br>കാരക്കാട് സുബ്രഹ്മണ്യ<br>ക്ഷേത്രം, ഷൊർണ്ണൂർ<br>9048848098 | | ക്ഷേത്രക്കുളം ചെറിയ തോതിൽ |
| 3. | വിശാലാക്ഷി<br>കവുങ്ങിൽ പടിഞ്ഞാറേതിൽ<br>കുറുമല, ചേലക്കര<br>9400226969/9656822055 | | നെൽ കൃഷി (ആകെയുള്ള വരുമാനം) |
| 4. | ജയലക്ഷ്മി<br>നെടിയൻചാത്ത്<br>മനശ്ശേരി, വാണിയംകുളം<br>9074249416 | | നെൽ കൃഷി (ആകെയുള്ള വരുമാനം) |
| 5. | ഉമാദേവി<br>പാറക്കൽ ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>9645282141 | | നെൽ കൃഷി (ആകെയുള്ള വരുമാനം) |
| 6. | സുമതി കെ<br>കള്ളികാട്ടിൽ ഹൗസ്<br>കാരക്കാട്, ഷൊർണ്ണൂർ<br>9400824020/7025361032 | 97/A7-1<br>97/A7-2 | നെൽ കൃഷി (ആകെയുള്ള വരുമാനം) |
| 7. | രഘുനാഥൻ പി<br>പാറക്കൽ ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>9446874913 | | നെൽ കൃഷി പൂർണ്ണമായി (ആകെയുള്ള വരുമാനം) |
| 8. | രാജൻ കെ<br>കൊണ്ടയിൽ വീട്<br>കാരക്കാട്, കവളപ്പാറ പി ഒ<br>9387294521 | | നെൽ കൃഷി പൂർണ്ണമായി (ആകെയുള്ള വരുമാനം), വാഴ, മൾബറി, പൈൻ ആപ്പിൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ |
| 9. | സരസ്വതി കെ<br>കല്ലിത്തൊടി വീട്<br>കവളപ്പാറ പി ഒ<br>ഷൊർണ്ണൂർ, 9946784247 | 96/A4-1<br>96/B3-1 | നെൽ കൃഷി (ആകെയുള്ള വരുമാനം) |

| | | | |
|---|---|---|---|
| 10. | ജനാർദനൻ<br>മലമ്പുറത്ത് ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>ഷൊർണ്ണൂർ<br>8547976165 | 96/A6-1 | നെൽ കൃഷി |
| 11. | ജയരാജൻ (late)<br>രധാക്രിഷ്ണൻ (late)<br>കിഴക്കേകര വീട്,<br>(വെള്ളാരംപറമ്പിൽ)<br>കാരക്കാട്, കവളപ്പാറ<br>ഫോൺ:8078546304 | 93/12 | നെൽ കൃഷി |
| 12. | തത്തക്കുട്ടിയമ്മ<br>മലമ്പുറത്ത് ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>ഷൊർണ്ണൂർ<br>8547205725 | 96/A6-2 | നെൽ കൃഷി പൂർണ്ണമായി |
| 13. | സിദ്ധാർത്ഥൻ<br>വലിയപറമ്പിൽ ഹൗസ്<br>മണിശ്ശേരി പി ഒ<br>ഒറ്റപ്പാലം – 679521<br>8086198794 | 97/A9-2<br>97/A9-3<br>97/A9-4<br>97/A9-5 | നെൽ കൃഷി പൂർണ്ണമായി,<br>ശീമക്കൊന്ന, മരങ്ങൾ |
| 14. | സത്യപാലൻ<br>പോഴത്തോടി ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>ഷൊർണ്ണൂർ<br>9400885632 | 74/A-9 | നെൽ കൃഷി പൂർണ്ണമായി |
| 15. | 1.സത്യപാലൻ<br>പോഴത്തോടി ഹൗസ്<br>കാരക്കാട്, കവളപ്പാറ പി ഒ<br>ഷൊർണ്ണൂർ പി ഒ<br>9400885632<br>2. ഹംസം പി പി<br>പുത്തൻ പീടിയേക്കൽ<br>ഷൊർണ്ണൂർ – 2<br>9745761555 | 110/2<br>110/1 | നെൽ കൃഷി പൂർണ്ണമായി |
| 16. | രമ്യ<br>കല്ലിത്തൊടി വീട്<br>കാരക്കാട്, കവളപ്പാറ<br>9847567767 | 94/A7-1 | നെൽ കൃഷി പൂർണ്ണമായി |
| 17. | രാഘവൻ കെ<br>കല്ലിത്തൊടി വീട്, കാരക്കാട്,<br>കവളപ്പാറ, 9847567467 | 94/A8-2 | നെൽ കൃഷി ചെറിയ<br>തോതിൽ |

| | | | |
|---|---|---|---|
| 18. | സുധീർ<br>അരളൻകാട്ടിൽ ഹൗസ്<br>ഷൊർണ്ണൂർ, 8281177453 | 61/258 | നെൽ കൃഷി ഭാഗികമായി |
| 19. | ലൈജു കെ ആനന്ദ്<br>സായ് നിവാസ്<br>ചോലക്കുളം, ഷൊർണ്ണൂർ<br>9447625017 | 97/A11<br>61/4 | നെൽ കൃഷി ഭാഗികമായി |
| 20. | വിനയ ഗോപിനാദ്<br>അറക്കൽ വീട്, ഷോർണ്ണൂർ<br>ഫോൺ 9037276930 | | വീട് പൂർണ്ണമായും,<br>ഗേറ്റ്, മതിൽ<br>തെങ്-2, മാവ്-1, പ്ലാവ്-1 |
| 21. | ഷൈലജ കുറുവത്ത്<br>അറക്കൽ വീട്, ഷോർണ്ണൂർ<br>ഫോൺ 9037276930 | | മതിൽ, ഗേറ്റ്,<br>മുളത്ത്, വാഴ, കവുങ്, തെങ്,<br>കുരുമുളക് |
| 22. | ഡോ. ജീന ജയൻ<br>മൂത്തേടത്ത് വീട്, ചുടവത്തൂർ<br>ദേശം ഷോർണ്ണൂർ<br>ഫോൺ-9847347070 | 51/ 2 | വീട് പൂർണ്ണമായും,<br>കിണർ, ചുറ്റുമതിൽ<br>വാഴ, തെങ്-3, ഊൻ മരം-1<br>ഞാവൽ-2, പാഴ് മരം-3, വേപ്പ്-2 |
| 23. | ഹേമ ജയൻ<br>മൂത്തേടത്ത് വീട്, ചുടവത്തൂർ<br>ദേശം ഷോർണ്ണൂർ ഫോൺ<br>9847347070 | 37/12B4 | തെങ്-3 |
| 24. | ക്രിഷ്ണയ്യർ (മരിചു)<br>ചന്ദ്രമശേരി മഠം,<br>മകൻ സുബ്ര്യ്മണ്ണ്യൻ ശ്രീരെങ്<br>വിലാസ്, ഷോർണ്ണൂർ<br>ഫോൺ 7907492550 | 32B<br>part 10B,<br>10C, 7A | കടമുറി 1 പൂർണ്ണം,<br>(ഫർണ്ണീച്ചർ വർക്സ്-<br>ഗോഡൗൺ)<br>കമ്പി വേലി |
| 25. | ലീല ബേബി, ബേബി<br>അഗസ്റ്റിൻ, സീതാപറബിൽ<br>വീട്, ഷോർണ്ണൂർ<br>9656623605 /9847880035 | 37/3B2_1 | മതിൽ ഫൗണ്ടേഷൻ,<br>തെങ്-2 |
| 26. | മൊയ്തീൻ കുട്ടി<br>ആലൻചേരി വീട്,<br>ചുടുവാലത്തൂർ, 9562029218 | | വീട് പൂർണ്ണമായും, കിണർ,<br>സെപ്റ്റിക് ടാങ്ക്, തെങ്-4,<br>തേക്ക്-4, മാവ്-3, പേര-1 |
| 27. | ഭാഷിണി ദേവി,<br>ചന്ദ്രശേഖരൻ ഭാര്യ,<br>വെള്ളിലതൊടി വീട്,<br>ചുടുവാലത്തൂർ, ഷോർണ്ണൂർ<br>ഫോൺ-9048238244 | 36/1C1_2<br>,4 | വീട് പൂർണ്ണമായും,<br>തെങ്-18,<br>മാവ്-10, പ്ലാവ്-4, തേക്ക്-5,<br>കവുങ്-38 |
| 28. | രേവതി, രേഷ്മ<br>തെക്കേകൊട്ടുമന വീട്,<br>പാലക്കാട്, 8078546304 | | മതിൽ |

| | | | |
|---|---|---|---|
| 29. | ജോൺസൺ പോൾ<br>പുളിക്കൽ വീട്, ഷോർണ്ണൂർ<br>ഫോൺ:9497632623 | 37/3ßß2 | നെൽ കൃഷി |
| 30. | നീലി, പാറേകളത്തിൽ വീട്,<br>ചുടുവാലത്തൂർ, ഷൊർണ്ണൂർ,<br>6238399166 (മകൻ സോമൻ) | | തരിശു ഭൂമി |
| 31. | സുകുമാരി<br>കറുത്തേടത്ത് ഹൗസ്,<br>അനിൽ നിവാസ്, കവളപ്പാറ,<br>കാരേക്കാട്<br>9400824170 | 111/A7<br>114/2B | സ്ഥലം (പാട വരമ്പ്) |
| 32. | ചിത്ര<br>കറുത്തേടത്ത് ഹൗസ്,<br>അനിൽ നിവാസ്, കവളപ്പാറ,<br>കാരേക്കാട്<br>9400824170 | 111/A7-9<br>114/3A-8 | സ്ഥലം (പാട വരമ്പ്) |
| 33. | ഇന്ദിര<br>കറുത്തേടത്ത് ഹൗസ്,<br>അനിൽ നിവാസ്, കവളപ്പാറ,<br>കാരേക്കാട്<br>9400824170 | 111/A7-1<br>114/3A-1 | സ്ഥലം (പാട വരമ്പ്) |
| 34. | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | | പൊതുവഴിക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലവും പാർക്കിങ്ങിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലവും ബാധിക്കപ്പെടുന്നു. |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ 30 വർഷത്തോളമായി താമസിക്കുന്ന നവാജ്, പുത്തൻ വീട്, നമ്പ്രം, ഷൊർണ്ണൂർ എന്നയാളുടെ വീട് പൂർണ്ണമായി ബാധിക്കപ്പെടുകയും കുടുംബം കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ, പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന സുഭാഷ്, ചന്ദ്രാവതി എന്നിവരുടെ വീടിന് സമീപത്ത് കൂടെ അലൈൻമെൻറ് പോകുന്നതിൻെറ ആശങ്ക കുടുംബങ്ങൾ അറിയിച്ചു.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

നെൽ കൃഷി ജീവനോപാധിയായി ആശ്രയിക്കുന്ന ചില ഭൂവുടമകളൊഴികെ, പദ്ധതി പ്രദേശത്തെ പ്രാഥമിക ജീവനോപാദിയായി ആശ്രയിക്കുന്ന മറ്റ് കുടുംബങ്ങൾ പദ്ധതി പ്രദേശത്തില്ല.

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ**

പദ്ധതി ബാധിതമാകുന്ന വീടുകളിൽ വാടകക്ക് താമസിച്ച് വരുന്ന കുടുംബങ്ങളെ പരോക്ഷ ആഘാതബാധിതരായി കണക്കാക്കാം. കൂടാതെ, വയൽ പ്രദേശത്ത് നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ സമീപത്ത് കൃഷി ചെയ്യുന്നവരുടെ വയലിലേക്കും ട്രാക്ടർ പ്രവേശിക്കുന്നതിന് തടസ്സമുണ്ടാകുമൊ എന്ന് കർഷകർ ആശങ്കപ്പെടുന്നു. നമ്പ്രം പ്രദേശത്തെ റോഡ് / വഴി, അത്പോലെ തോട് എന്നിവ ബാധിക്കുമൊ എന്ന് പ്രദേശവാസികൾ ആശങ്കപ്പെടുന്നു. ഇവരെയെല്ലാം പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായി കണക്കാക്കാം.

**5.7. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന 33 ഭൂവുടമകളിൽ, 27 പേരുടെ സ്ഥലങ്ങളിൽ നെല്ല്, കുരുമുളക്, മൾബറി, പയർ വർഗ്ഗങ്ങൾ, തെങ്ങ്, മാവ്, പ്ലാവ്, വാഴ, കവുങ്ങ്, തേക്ക് തുടങ്ങിയ കൃഷി/ഫലദായക വൃക്ഷങ്ങൾ/മരങ്ങൾ എന്നിവ നഷ്ടമാകുന്നു.

# അദ്ധ്യായം 6

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് 1.3762 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ഇതിൽ 9.46 ഹെക്ടർ സ്ഥലമാണ് സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കുന്നത്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് ഏറ്റെടുക്കലിനായി മാർക്ക് ചെയ്യപെട്ടിട്ടുള്ളത്. മുനിസിപ്പാലിറ്റിയിലെ ജനസംഖ്യാപരമായ വിവരം പരിശോധിച്ചാൽ, 2011 സെൻസസ് പ്രകാരം ആകെ ജനസംഖ്യ 43,533 ആണ്. അതിൽ സ്ത്രീകൾ 22,776 ഉം പുരുഷന്മാർ 20,757 ഉം ആണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 6 ഉടമകൾ പദ്ധതി പ്രദേശത്തും സമീപത്തുമായി താമസിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതിബാധിത കുടുംബങ്ങളിൽ, ആകെയുള്ള അംഗങ്ങളിൽ 47 ശതമാനം പുരുഷന്മാരും 53 ശതമാനം സ്ത്രീകളുമാണ്. കൂടാതെ, 29 ശതമാനം പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 15 ശതമാനം പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

അമ്പലമൊഴികെയുള്ള പദ്ധതിബാധിത കുടുംബങ്ങളിൽ, 25 കുടുംബങ്ങൾ ഹിന്ദു മതത്തിലും, 2 കുടുംബങ്ങൾ ക്രിസ്ത്യൻ മതത്തിലും, ബാക്കി 2 കുടുംബങ്ങൾ മുസ്ലീം മതത്തിലും വിശ്വസിക്കുന്നവരാണ്. ഭൂരിഭാഗം പേരും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്

**6.2. വരുമാനവും ദാരിദ്ര്യതലവും**

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിത കുടുംബങ്ങൾ പ്രധാനമായും ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്കുള്ള വെള്ളയൊ (47%) നീലയൊ (38%) നിറത്തിലുള്ള റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്. ഏകദേശം 14 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള പിങ്ക് കളർ റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്. കൃഷി, കൂലിപ്പണി, പെൻഷൻ വിദേശത്ത് ജോലി തുടങ്ങിയവയാണ് കുടുംബത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ.

**6.3. ദുർബലജനവിഭാഗം**

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 29 ശതമാനം പേർ 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ, 15 ശതമാനം പേർ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുമാണ്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ 33 ഭൂവുടമകളിൽ, 6 പേർ താമസത്തിനു വേണ്ടി പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചു വരുന്നു. എന്നാൽ ഭൂരിഭാഗം ഭൂവുടമകളും കൃഷിക്കായാണ് ടി ഭൂമി ഉപയോഗിച്ച് വരുന്നത്. രണ്ട് ഭൂവുടമകളുടെ ഭൂമി യാതൊരു പ്രവർത്തനവുമില്ലാതെ തരിശ്ശായി കിടക്കുന്നതാണ്. ഒരു ഭൂവുടമയുടെ സ്ഥലം മുമ്പ് ഗോഡൗണായി പ്രവർത്തിച്ചിരുന്നതാണ്. ചില ഭൂവുടമകൾക്ക് നെൽ കൃഷി, വാഴ, കവുങ്ങ്, തെങ്ങ്, പയർ വർഗ്ഗങ്ങൾ തുടങ്ങിയവ പദ്ധതി ബാധിതമാകുമ്പോൾ ഉപജീവന മാർഗ്ഗമൊ, വരുമാനമൊ നഷ്ടപ്പെടുമെന്ന് അറിയിച്ചു.

**6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ**

കാർഷിക പ്രവർത്തനങ്ങളൊഴികെ, പദ്ധതി ബാധിത പ്രദേശത്ത് മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കൃഷി ഉള്ളവരാണ്. ഇതിൽ ചിലർക്ക് വലിയ തോതിൽ നെൽ കൃഷി, വാഴ, പയർ വർഗ്ഗങ്ങൾ, കവുങ്ങ്, തെങ്ങ് തുടങ്ങിയവ ബാധിക്കപ്പെടുന്നു. ഇതുമൂലം അവരുടെ ഉപജീവന മാർഗ്ഗമൊ, പ്രധാന വരുമാനമൊ നഷ്ടപ്പെടുന്നതായി അറിയിച്ചു.

കൂടാതെ, കച്ചവടത്തെയും, വിദേശത്തെ ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തെയും മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരും പദ്ധതി പ്രദേശത്തുണ്ട്.

## 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും 2 വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഒരു റോഡും പാർക്കിങ്ങിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലവും പദ്ധതി ബാധിതമാകുന്നതൊഴികെ, പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥലമൊ, സ്ഥാപനമൊ പദ്ധതി ബാധിതമാകുന്നില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാറിൽ റെയിൽവെയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചപ്പോഴാണ് ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവെ സ്റ്റേഷൻെറ ചരിത്രം ആരംഭിക്കുന്നത്. ഷൊർണ്ണൂർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് 1862 ഏപ്രിൽ

14 ന് പട്ടാമ്പി പോഡന്നൂർ-ലൈനിൻെറ ഓപ്പണിങ്ങോട് കൂടിയാണ്. ഷൊർണ്ണൂർ-എറണാകുളം ലൈൻ ആരംഭിച്ചതോട് കൂടി സ്റ്റേഷൻെറ പ്രാധാന്യം വർദ്ധിക്കുകയും, നിലമ്പൂർ റോഡ് ലൈനിൻെറ ആരംഭത്തോട് കൂടി ഷോർണ്ണൂർ ജംഗ്ഷൻ സ്റ്റേഷൻെറ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തു.

നിലവിൽ ദിവസം ഏകദേശം 90 പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകൾ ഷോർണ്ണൂർ ജംഗ്ഷൻ സ്റ്റേഷനിൽ പ്രവേശിച്ച് കടന്ന് പോകുന്നു. ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ ബി കാബിന് സമീപം പോയിൻറ് നമ്പർ 7 വരെയും, ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ എ കാബിൻ വരെയും നിലവിൽ ഒറ്റ ലൈനാണ് ഉള്ളത്. ഷൊർണ്ണൂർ ജംഗ്ഷനിൽ ഏകദേശം 30 ഓളം ട്രെയിനുകൾ എഞ്ചിൻ ഡൈരക്ഷൻ മാറുന്നതിനൊ, ട്രാക്ഷൻ ചെയ്ഞ്ച് ചെയ്യുന്നതിനൊ ഉപയോഗിക്കുന്നു. എഞ്ചിനുകൾ ചെയ്ഞ്ച് ചെയ്യുന്നതിന് ഏകദേശം 15 മുതൽ 20 മിനിറ്റ് വരെയും, ദിശ മാറുന്നതിന് ഏകദേശം 20 മുതൽ 25 മിനിറ്റ് വരെയും പ്ലാറ്റ്ഫോം ലൈനുകൾ ഉപയോഗിക്കുന്നു. കൂടാതെ, ഷൊർണ്ണൂർ ജംഗ്ഷനിൽ നിന്നും പുറപ്പെടുന്നതും സ്റ്റേഷനിലേക്ക് പ്രവേശിക്കുന്നതുമായ ട്രെയിനുകൾ ക്രോസ്സ് മൂവ്മെൻറ് ഉള്ളതിനാൽ അത് മെയിൻ ലൈനിലൂടെ സഞ്ചരിക്കുന്ന ട്രെയിനുകൾക്ക് തടസ്സമുണ്ടാക്കുകയും പലപ്പോഴും അവ ഹോം സിഗ്നലിൽ പിടിച്ചിടുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യുന്നു. ഇക്കാരണങ്ങളെല്ലാം കൊണ്ട് തന്നെ ഷൊർണ്ണൂർ ജംഗ്ഷനിൽ ട്രെയിനുകൾ വൈകുകയൊ വേഗത കുറയുകയൊ ചെയ്യുന്നു. മാത്രമല്ല, കോട്ടയം വഴി തിരുവനന്തപുരം – മാംഗ്ലൂരു റെയിൽ പാതയുടേയും പാലക്കാട്-മാംഗ്ലൂരു റെയിൽ പാതയുടേയും ഡബ്ലിങ്ങ് വർക്ക്, ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെയുള്ള 5 കിലോമീറ്റർ ഒഴികെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ, ഷൊർണ്ണൂർ ജംഗ്ഷനിൽ മുതൽ വള്ളത്തോൾ നഗർ വരെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ് നടത്തുന്നതിനായി ദക്ഷിണ റെയിൽവെ ഉദ്ദേശിക്കുന്നു. പദ്ധതി വിജയകരമായി നടപ്പിലാക്കുമ്പോൾ റെയിൽവേ ഗതാഗതം സുഗമമായി നടക്കുകയും യാത്രികരുടെ യാത്രാ സമയം കുറയുകയും ചെയ്യുന്നു.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം ഏറെക്കുറെ പ്രാപ്യമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് പഠന സംഘം പദ്ധതിബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതിപ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 26.02.2026 തീയതിയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ രാവിലെ 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹിയറിങ്ങിൽ മറുപടി നൽകി.

**7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതിക്ക് വേണ്ടി കുടിയൊഴിയേണ്ടിവരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- പദ്ധതിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന ഭാസുര ദേവി w/o ചന്ദ്രശേഖരൻ എന്നവരുടെ കുടുംബം താമസിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഭൂമിയിൽ നിലവിൽ നിർമ്മാണ പ്രവർത്തി നടക്കുന്നതിനാലും, അത് മൂലം വീടിന് വിള്ളൽ വീണ് വീടിൻെറ സുരക്ഷയിലും പൊടിപടലങ്ങൾ മൂലം കുടുംബാംഗങ്ങളുടെ ആരോഗ്യ സ്ഥിതിയിലും ആശങ്ക ഉള്ളതിനാലും, നിജ സ്ഥിതി പരിശോദിച്ച് ആവശ്യമെങ്കിൽ കുടുംബത്തെ മാറ്റി പാർപ്പിക്കുകയൊ, ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുകയൊ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷക്കാലമായി താമസിക്കുന്ന വാടകക്കാരെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും ഭൂവുടമകൾക്കും പ്രദേശവാസികൾക്കും തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും കർഷകർക്ക് പ്രദേശത്തെ കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ കൊണ്ട് പോകുന്നതിനുള്ള വഴി തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണം.

- നീരൊഴുക്ക്, ജലസേചനം എന്നിവ തടസ്സപ്പെടുന്നതിനൊ, മറ്റ് ഏതെങ്കിലും വിധത്തിൽ പ്രദേശത്തെ കൃഷിക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിനൊ പദ്ധതി കാരണമാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി വാർഡ് 13 ൽ നമ്പ്രം ഭാഗത്ത് നിലവിലുള്ള തോട് സംരക്ഷിക്കുന്നതിനായി, തോട് വഴിതിരിച്ച് വിടുന്നതിനുള്ള സ്ഥലവും പ്രവർത്തികളും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി അറിയിച്ചു..

**7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠസംഘം വിലയിരുത്തുന്നു.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ

കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ / കുടി ഒഴിപ്പിക്കപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും | കുടി ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ, കുടുംബങ്ങളുടെ സുരക്ഷിതമായ താമസം ഉറപ്പ് വരുത്തികൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനരധിവാസ നടപടികൾ |

| | | | | |
|---|---|---|---|---|
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവു മുള്ള നഷ്ടപരിഹാരം നൽകുക | പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാര മുള്ള സമയക്രമം | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം നഷ്ടമാകൽ | “FCTLAR“ നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജ് നൽകുക | | കുടുംബങ്ങളുടെ ഉപജീവന മാർഗത്തിന് ഭംഗം നേരിടാതിരിക്കുന്നതിന് മതിയായ പരിഗണന നൽകുക. ജില്ലാ ഭരണകൂടവുമായി ആലോചിച്ച് സാധ്യമായ പുനരധിവാസ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. |
| 4 | വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന. |
| 6 | ഗതാഗത തടസ്സം / പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിലും നിർവ്വഹണത്തിന് ശേഷവും പ്രദേശത്തെ റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾപ്രദേശത്തെ വീടുകളി ലേക്കും വയലിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയുംസഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 7 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധി |

| | | | | |
|---|---|---|---|---|
| | | | ആസൂത്രണം ചെയ്യുക | ഷ്ടിതമായുംനീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| **8** | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിതകുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനായുള്ള പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് അഡ്മിനിസ്ട്രേറിൻെറ കീഴിൽ സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.) കിഫ്ബി, പാലക്കാട് ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ സ്ഥാപനത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി

ബാധിത വ്യക്തിക്ക്/സ്ഥാപനത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെ യോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ പാലക്കാട് ജില്ലയിൽ ഷാർണ്ണൂർ മുതൽ വള്ളത്തോൾ നഗർ വരെയുള്ള റെയിൽവേ പാച്ച് ഡബ്ലിങ്ങിനായി ഒറ്റപ്പാലം താലൂക്കിലെ ഷൊർണ്ണൂർ–1 വില്ലേജിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2026 ജനുവരി 09 തീയതിയിലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCPKD/6905/2024-C3 പ്രകാരം പാലക്കാട് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിരിക്കു ന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തി നുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള വിവിധ ങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാ രവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ പുനരധിവാസ – പുനസ്ഥാപന നടപടികൾ
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന പാലക്കാട് ജില്ലാ കളക്ടർ, പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിന്റെ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ, കിഫ്ബി, പാലക്കാട് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11

## ചിലവുകളും നേട്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ റെയിൽവെ പാച്ച് ഡബ്ലിങ്ങ് നടത്തുക എന്നതാണ് നിലവിലെ പദ്ധതി. ഷൊർണ്ണൂർ – വള്ളത്തോൾ നഗർ റെയിൽ പാത ഇരട്ടിപ്പിക്കുന്നതിലൂടെ ഷൊർണ്ണൂർ ജംഗ്ഷനിലൂടെ സഞ്ചരിക്കുന്ന റെയിൽ യാത്രികരുടെ നിലവിലെ യാത്രാക്ലേശം ലഘൂകരിക്കപ്പെടുകയും, രാജ്യത്ത് പ്രത്യേകിച്ച് ദക്ഷിണറെയിൽവേയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട റെയിൽവേ ശൃംഖല സ്ഥാപിക്കപ്പെടുകയും ചെയ്യുമെന്ന് പ്രതിക്ഷിക്കുന്നു.

പദ്ധതിക്ക് വേണ്ടി ഒറ്റപ്പാലം താലൂക്കിലെ ഷൊർണ്ണൂർ-1 വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾ കുടിയൊഴിപ്പിക്കപ്പെടുകയും, വീടുകൾ പദ്ധതി ബാധിതമാവുകയും, കൃഷി ബാധിക്കുകയും, വീടിനോട് ചേർന്നുള്ള ചുറ്റുമതിലും, മറ്റ് കെട്ടിടങ്ങളും പൊളിച്ചു മാറ്റേണ്ടി വരികയും ചെയ്യും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി സംസ്ഥാനത്തെ റെയിൽ ഗതാഗതം സുഗമമാക്കി നാടിൻെറ ഗതാഗതം വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ് നടത്തുന്നതിനായി ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി നാടിൻെറ വികസനത്തിന് കാരണമാകും എന്നതിനാൽ പദ്ധതിബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിൽ G.O(MS)No. 485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും നഷ്ടപരിഹാരവും, പുനരധിവാസ-പാക്കേജും പദ്ധതി ബാധിതർക്ക് നൽകികൊണ്ട് ഷൊർണ്ണൂർ ജംഗ്ഷൻ മുതൽ വള്ളത്തോൾ നഗർ വരെ യാർഡ് മോഡിഫിക്കേഷൻ ഉൾപ്പടെ പാച്ച് ഡബ്ലിങ്ങ് നടത്തുന്നതിനായി പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെട്ട ഷൊർണ്ണൂർ 1 വില്ലേജിൽ നിന്നും, ഏകദേശം 1.3762 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ഏജൻസി ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് താഴെ നൽകിയിരിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു.

- പദ്ധതിക്ക് വേണ്ടി കുടിയൊഴിയേണ്ടിവരുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ

കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.

- പദ്ധതിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന ഭാസുര ദേവി w/o ചന്ദ്രശേഖരൻ എന്നവരുടെ കുടുംബം താമസിക്കുന്ന സമീപ പ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ നിലവിൽ നിർമ്മാണ പ്രവർത്തി നടക്കുന്ന സാഹചര്യത്തിൽ, വീടിൻെറ സുരക്ഷയിലും പൊടിപടലങ്ങൾ മൂലം കുടുംബാംഗങ്ങളുടെ ആരോഗ്യ സ്ഥിതിയിലും ആശങ്ക ഉള്ളതിനാൽ നിജ സ്ഥിതി പരിശോധിച്ച് ആവശ്യമെങ്കിൽ കുടുംബത്തെ മാറ്റി പാർപ്പിക്കുന്നതടക്കമുള്ള ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷക്കാലമായി താമസിക്കുന്ന വാടകക്കാരെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും ഭൂവുടമകൾക്കും പ്രദേശവാസികൾക്കും തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും കർഷകർക്ക് പ്രദേശത്തെ കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ കൊണ്ട് പോകുന്നതിനുള്ള വഴി തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണം.

- നീരൊഴുക്ക്, ജലസേചനം എന്നിവ തടസ്സപ്പെടുന്നതിനൊ, മറ്റ് ഏതെങ്കിലും വിധത്തിൽ പ്രദേശത്തെ കൃഷിക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിനൊ പദ്ധതി കാരണമാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2026 ജനുവരി 09–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാ കളക്ടറുടെ വിജ്ഞാപനം DCPKD/6905/2024-C3